അറിവിൽ നിറയാൻ... നിറവിൽ വളരാൻ...




# സ്നേഹദൂത്

St. Sebastian's Church, Nellikkunnu
Thrissur - 680 005, Ph : 9188779324
E-mail Church : nellikkunnusebastian@gmail.com
facebook : snehadoothuNellikkunnu



## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**
റവ. ഫാ. പോൾസൻ തട്ടിൽ
Mob : 9446533069


**അസോസിയേറ്റ് എഡിറ്റർ**
ഫാ. ഫ്രാൻസിസ് പുത്തൂക്കര Mob:8590187259

**മാനേജിങ് എഡിറ്റർ**
ജോസഫ് ഒ. ഡി. Mob:9847607508

**സെക്രട്ടറി**
മിനി ജോർജ്ജ് Mob:8086701198

**ട്രഷറർ**
കെ. ഡി. ജെയിംസ് Mob:9446383524

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
ഫ്രാങ്കോ കെ. ഡി. Mob:9495246401
ഡോ. ബിനോയ് സി. എഫ്. Mob:8921645795
സജു ജോസ് Mob:7306005733
ഷിൻഡ അനീഡ് Mob:8547813398
ജോളി മൈക്കിൾ Mob:8281150281
ജേക്കബ് കാഞ്ഞൂക്കാരൻ Mob:9388915965
സനിൽ മേനാച്ചേരി Mob:8075765278
സി. അജിൽ ജോസഫ് Mob:9745186486



മെയ് - 2026
പുസ്തകം - 28, ലക്കം - 5

## ഉള്ളടക്കം

☆ എഡിറ്റോറിയൽ
☆ ഇടയസന്ദേശം
☆ കൊച്ചച്ചന്റെ സന്ദേശം
☆ അനുദിന വിശുദ്ധർ
☆ വിശ്വാസ പരിശീലന വാർത്തകൾ
☆ വിശ്വാസവഴിയിലെ സംശയങ്ങൾ
☆ ഓർമ്മദിനങ്ങൾ
☆ ദിവ്യകാരുണ്യ അത്ഭുതങ്ങൾ
☆ അമ്മ അവസാനം കേട്ട ഗാനം
☆ ഭക്തസംഘടനാ വാർത്തകൾ
☆ പൊരുളറിയാൻ
☆ കുടുംബക്കൂട്ടായ്മ വാർത്തകൾ
☆ ലോക പ്രശസ്തമായ ക്രൈസ്തവ ദേവാലയങ്ങൾ
☆ വാർത്തകൾ വിശേഷങ്ങൾ
☆ ആരോഗ്യപംക്തി
☆ രുചിക്കൂട്ട്
☆ ജൂബിലി മിഷൻ മെഡിക്കൽ കോളേജിനെ തകർക്കാനോ ഈ സമരം ?
☆ ചെറുകഥ
☆ ഫ്രാൻസിസ്ക്കൻ വർഷത്തിൽ വി. ഫ്രാൻസീസ് അസീസിയെ പരിചയപ്പെട്ടാലോ ?
☆ മനഃശാസ്ത്രം
☆ ക്വിസ് മത്സരങ്ങൾ
☆ അടിക്കുറിപ്പ് മത്സരം
☆ നിറം കൊടുക്കാം
☆ ഫീച്ചർ
☆ കുടുംബകൂട്ടായ്മ – വചനവായന
☆ വചനകലണ്ടർ
☆ പാപ്പാ പംക്തി

**ട്രസ്റ്റികൾ:** തട്ടിൽ ഉമ്പാവു ജോസഫ് ടോണി, Mob : 9495041212 , എലുവത്തിങ്കൽ ദേവസ്സി വിൽസൺ, Mob : 9846212062, തെക്കേക്കര ഫ്രാൻസിസ് ടെസ്‌വിൻ, Mob : 9846074441, ചിരൻ ജോൺസൻ ഷോൺ, Mob : 9605738914
**ദേവാലയ ശുശ്രൂഷി :** സജു ജോസ് Mob : 7306005733 **ഓഫീസ് മാനേജർ :** ജേക്കബ്ബ് കാഞ്ഞൂക്കാരൻ Mob : 9388915965

Printed & Published by Fr. Paulson Thattil, St. Sebastianís Church, Nellikkunnu, Mob : 9188779324. Snehadoothu Parish Bulletin (For Private Circulation Only).
Lay-out and Designing Concept (Prasoon) : 9747464398. Printed at Lourdenatha Press, Thrissur. Ph : 0487-2322199.

## വി. കുർബാന സമയങ്ങൾ

സാധാരണ ദിവസങ്ങളിൽ : 6 am, 7 am
വ്യാഴാഴ്ചകളിൽ : 5 pm
ഞായറാഴ്ചകളിൽ : 6 am, 7.30 am, 9 am, 5 pm

**പള്ളി ഓഫീസ് സമയം :**
8.30 am to 12.30 pm 3.30 pm to 6.45 pm
(ഞായർ മുടക്കം)




## ന്യൂനപക്ഷാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും ആശങ്കയിൽ !

ക്രൈസ്തവരെയും മറ്റു ന്യൂനപക്ഷ വിഭാഗങ്ങളെയും കടുത്ത ആശങ്കയിലാഴ്ത്തി ഇന്ത്യൻ പാർലമെന്റിൽ എഫ് സി ആർ എ നിയമ ഭേദഗതി കേന്ദ്ര സമിതി സഭ ലോകസഭയിൽ കൊണ്ടുവന്നിരിക്കുകയാണ്. തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കുന്ന സമയമായതിനാൽ തൽക്കാലം ആരുടെയൊക്കെയോ സമ്മർദ്ദത്തെ തുടർന്ന് ഗവൺമെന്റ് പിൻവാങ്ങിയിരിക്കുകയാണ്. 1976 നിലവിൽ വന്ന നിയമമാണ് എഫ് സി ആർ എ സാമൂഹിക സേവനങ്ങൾക്കായി വിദേശ ഫണ്ട് സ്വീകരിക്കുന്നത് പൂർണമായും ഇല്ലാതാക്കലാണ് കേന്ദ്ര ഗവൺമെന്റ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തം. ആറു വർഷം മുൻപ് എഫ് സി ആർ എ അക്കൗണ്ടുകൾ ന്യൂഡൽഹിയിലെ എസ് ബി ഐ മെയിൻ ബ്രാഞ്ചിൽ മാത്രമാക്കി നിയമം ഭേദഗതി ചെയ്തിരുന്നു. അഞ്ചുവർഷം കൂടുമ്പോഴാണ് എഫ് സി ആർ എ യിലെ ലൈസൻസ് പുതുക്കേണ്ടതുണ്ട്. പുതുക്കൽ നിരസിക്കപ്പെടുകയോ കാലാവധി കഴിഞ്ഞു പുതുക്കി കിട്ടാതിരിക്കുകയോ ചെയ്താൽ സംഭാവന ഉപയോഗിച്ചു ഉണ്ടാക്കിയ ആസ്തികൾ ഗവൺമെന്റിന് ഏറ്റെടുക്കാനാവും. ഇതിനകം തന്നെ ഒരു രൂപതയുടെ ലൈസൻസ് റദ്ദാക്കിയതായ വാർത്തയും പുറത്തു വരുന്നുണ്ട്. ലൈസൻസ് പുതുക്കി നൽകേണ്ട സർക്കാർ തന്നെ നിശ്ചിത സമയ പരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതിന്റെ പേരിൽ ആസ്തികൾ സ്വന്തമാക്കുക എങ്ങനെയെന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. പൂർണ്ണമായും രാജ്യതാൽപര്യവും സാമൂഹിക പ്രതിബന്ധതയും ഉറപ്പുവരുത്തി സുതാര്യമായി പ്രവർത്തിക്കുന്ന നമ്മുടെ സ്ഥാപനങ്ങളെ വരിഞ്ഞു മുറുക്കാൻ തന്നെയാണ് ഈ ബില്ല് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തം.

ഗവൺമെന്റ് വനിതാസംവരണമെന്ന പേരിൽ മറ്റൊരു ചതിക്കും ലോകസഭയിൽ തുനിഞ്ഞെ

(തുടർച്ച പേജ് 5ൽ)






മിശിഹായിൽ പ്രിയപ്പെട്ടവരെ,

മെയ് മാസം എന്ന് കേൾക്കുമ്പോഴേ നമ്മുടെ മനസ്സുകളിൽ ഓടിയെത്തുക 'നല്ല മാതാവേ മരിയേ നിർമ്മല യൗസേപ്പിതാവേ' എന്ന ഈരടികളാണ്. തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുനാളോടു കൂടിയാണ് മെയ് മാസം ആരംഭിക്കുന്നത്. അതിനാൽ വി. യൗസേപ്പിതാവിന്റെയും പരി. അമ്മയുടെയും സംരക്ഷണത്തിനായി പ്രാർത്ഥിക്കാം.

മെയ് മാസറാണിയായി വിളങ്ങുന്ന പരിശുദ്ധ കന്യാമറിയത്തോടുള്ള മാതൃഭക്തി വണക്കമാസത്തിലൂടെ പ്രകടിപ്പിക്കുന്ന കാലമാണല്ലോ മെയ് മാസം. ദൈവപുത്രനായ ഈശോയെ ഗർഭം ധരിച്ച് ജന്മം നൽകി വളർത്തിയതാണ് പരിശുദ്ധ കന്യാമറിയത്തിന് നൽകപ്പെടുന്ന ആദരവിനും വണക്കത്തിനും അടിസ്ഥാനം. മറിയം തന്റെ അനുസരണം വിശ്വാസം പ്രത്യാശ ജ്വലിക്കുന്ന സ്നേഹം ഇവയിലൂടെ ആത്മാക്കൾക്ക് ദൈവിക ജീവൻ വീണ്ടെടുത്തു നൽകുന്നതിനുള്ള ഈശോയുടെ രക്ഷാകര പ്രവർത്തനങ്ങളിൽ സഹകരിച്ചു. ഇതിനാൽ മറിയം ദൈവകൃപയുടെ തലത്തിൽ നമ്മുടെയും അമ്മയാണ്. തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ഒരുപോലെ മാതൃകയാകുവാൻ പറ്റുന്ന ഒരു വ്യക്തിത്വമാണ് വിശുദ്ധ യൗസേപ്പിതാവിന്റേത്. ദൈവത്തെ സ്നേഹിച്ചു പുണ്യത്തിന്റെ പാരമ്യത്തിൽ എത്തിയ വിശുദ്ധ യൗസേപ്പിതാവിനെ പോലെ ജീവിക്കുവാൻ പരിശ്രമിക്കാം.

**വികാരിയച്ചൻ**



# കൊച്ചച്ചന്റെ സന്ദേശം

പ്രിയമുള്ളവരെ,

എല്ലാവരും അവധിക്കാലത്തിന്റെ അടിച്ചുപൊളിയിലാണ് ദൈവദർശൻ ക്യാമ്പ് നന്നായി പര്യവസാനിച്ചു. അവധിക്കാല പരിശീലന ക്ലാസുകൾ തുടർന്നു കൊണ്ടിരിക്കുന്നു. ഒരുപാട് ഒരുങ്ങി ആദ്യമായി ഈശോയെ സ്വീക രിച്ച എല്ലാ കുഞ്ഞനുജന്മാർക്കും അനുജത്തിമാർക്കും ഒത്തിരി നന്ദി. മടികൂടാതെ ഈശോയെ സ്വീകരിക്കാൻ എന്നും വരണം കേട്ടോ... അവധിക്കാലത്ത് സന്തോഷമായും ചിലരെ സംബന്ധിച്ച് സങ്കടമായും പരീക്ഷാഫലങ്ങൾ വന്നു തുടങ്ങിയിട്ടുണ്ട് വിജയത്തിൽ ദൈവത്തിന് നന്ദി പറയാനും പരാജയത്തിൽ നിരാശപ്പെടാതെ വിജയത്തിനായി നന്നായി പരിശ്രമിക്കുവാനും നമുക്ക് സാധിക്കട്ടെ.

മെയ് മാസം മാതാവിന്റെ വണക്കമാസം ചൊല്ലി നമ്മൾ പ്രാർത്ഥിക്കുന്ന കാലഘട്ടമാണ്. ഇന്ന് ഈ പതിവുകളൊക്കെ അന്യം നിന്നുകൊണ്ടിരിക്കുകയാണ്, എന്നിരുന്നാലും കേരള കത്തോലിക്കരുടെ ഇടയിൽ പൗരാണിക കാലം മുതൽ പ്രചാരത്തിൽ ഇരുന്നതാണ് മെയ് മാസഭക്തി, പരിശുദ്ധ കന്യകാമറിയത്തിന് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമുണ്ട് ദൈവമാതാവ് എന്ന സ്ഥാനം മൂലം സകല മനുഷ്യരുടെയും മാതാവാണ് നമ്മുടെ അമ്മ. പരിശുദ്ധ കന്യ കാമറിയത്തോടുള്ള ഭക്തി നമ്മു ടെ പുണ്യജീവിതത്തിനും സ്വർഗ്ഗ പ്രാപ്തിക്കും തികച്ചും അനുപേഷണീയമാണ്. പരിശുദ്ധിയുടെ വിളനിലമായിരുന്നു നമ്മുടെ അമ്മ. പുണ്യസമ്പാദനത്തിനുള്ള പരിശ്രമങ്ങളിൽ എപ്പോഴും നമുക്ക് മാതൃകയായിരിക്കേണ്ടത് സകല പുണ്യങ്ങൾ കൊണ്ട് അലംകൃതയായ പരിശുദ്ധ കന്യകാമറിയമാണ്.

നമുക്ക് അമ്മയോട് പ്രാർത്ഥിക്കാം മക്കളോട് അമ്മയ്ക്കുള്ള സ്നേഹവും വാത്സല്യവും എന്നോട് എപ്പോഴും അങ്ങ് കാണിക്കണമേയെന്ന്. ജന്മപാപം ഇല്ലാതെ ഉത്ഭവിച്ച ശുദ്ധമറിയമേ പാപികൾ സങ്കേതമേ, ഇതാ നിന്റെ സങ്കേതത്തിൽ ഞങ്ങൾ തേടി വന്നിരിക്കുന്നു ഞങ്ങളുടെ മേൽ അലിവായിരുന്നു ഞങ്ങൾക്ക് വേണ്ടി തിരുക്കുമാരനോട് പ്രാർത്ഥിച്ചു കൊള്ളണമേ...

**നിങ്ങളുടെ സ്വന്തം**
**ഫ്രാൻസീസച്ചൻ**





(പേജ് 2ൽ നിന്ന് തുടർച്ച)

ങ്കിലും അവിടെ 3/2 ഭൂരിപക്ഷം ഇല്ലാത്തതിനാൽ ബില്ല് പരാജയപ്പെട്ടു. ഭരണഘടന ഭേദഗതിക്ക് മുന്നിൽ രണ്ട് ഭൂരിപക്ഷം വേണം ലോക സഭാ സീറ്റുകളുടെ എണ്ണം നിലവിലെ 543 നിന്ന് 850 ആക്കാനുള്ള 131-ാം ഭരണഘടന ഭേദഗതി ബില്ലാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ ചെറുത്തു തോൽപ്പിക്കപ്പെട്ടത്. വനിതാ സംവരണം 2023-ൽ തന്നെ ലോകസഭ പാസാക്കിയതാണ്. ആ ബിൽ പാസാക്കിയതോടെ വനിത സംവരണം ഭരണഘടനയുടെ ഭാഗമായി കഴിഞ്ഞതാണ്. ഇപ്പോൾ ലോക്സഭയിൽ അവതരിപ്പിച്ചിരിക്കുന്ന വനിതാ സംവരണം നടപ്പാക്കാനുള്ളതാണെന്ന് ഗവൺമെന്റ് അവകാശപ്പെടുന്നുണ്ടെങ്കിലും ഇതിന്റെ ഉള്ളടക്കം പരിശോധിക്കുമ്പോൾ ലോകസഭയുടെയും അസംബ്ലികളുടെയും അംഗസംഖ്യ വർദ്ധിപ്പിക്കാനും നിയോജകമണ്ഡലങ്ങളുടെ പുനർനിർണയം നടത്താനുമുള്ള ഒരു ബില്ലാണിത്. നിർദ്ധിഷ്ട 850 അംഗ ലോകസഭയിൽ ഇപ്പോഴത്തെ അനുപാതം അനുസരിച്ച് സീറ്റുകൾ വിഭജിക്കുകയാണെങ്കിൽ ഉത്തർപ്രദേശിലെ സീറ്റ് എണ്ണം 80 നിന്ന് 125 ആയി ഉയരും. ഇതിൽ നിന്നും ബില്ലിന്റെ ഉദ്ദേശശുദ്ധി അരിയാഹാരം കഴിക്കുന്ന എല്ലാവർക്കും മനസ്സിലായിക്കാണും. അതുകൊണ്ടായിരിക്കാം പ്രതിപക്ഷം ഒറ്റക്കെട്ടായി നിന്ന് നിയോജകമണ്ഡലം പുനർനിർണയ ബില്ലിനെ എതിർത്ത് തോൽപ്പിച്ചത്. ആത്മാർത്ഥമായ വനിതാ സംവരണമാണ് രാഷ്ട്രീയപാർട്ടികൾ ഉദ്ദേശിക്കുന്നതെങ്കിൽ നിലവിലുള്ള 543 സീറ്റിൽ 33% സംവരണം വനിതകൾക്ക് ഏർപ്പെടുത്തിയാൽ മതിയായിരുന്നു. ബംഗാളിലും തമിഴ്നാട്ടിലും തെരഞ്ഞെടുപ്പ് പ്രചാരണം നടക്കുന്ന സമയത്താണ് അസാധാരണ ലോകസഭാ സമ്മേളനം തിടുക്കത്തിൽ വിളിച്ചുകൂട്ടിയത്. മണിപ്പൂർ കത്തിയെരിഞ്ഞപ്പോഴും, പഹൽഗാമിൽ ഭീകരവാദികൾ നിരപരാധികളെ കൂട്ടക്കൊല നടത്തിയപ്പോഴും, അമേരിക്ക ഇന്ത്യയുടെ മേൽ അധിക തീരുവയും, ഉപരോധവും ഏർപ്പെടുത്തിയപ്പോഴും ഉണ്ടാകാതിരുന്ന പ്രത്യേക ലോകസഭാ സമ്മേളനം സ്വന്തം രാഷ്ട്രീയ ലാഭത്തിന് അല്ലാതെ പിന്നെ എന്തിനാണ് കൂടിയത് എന്ന് ഇനിയും വിശദീകരിക്കേണ്ടതുണ്ട്. ജനാധിപത്യത്തെ കൂടുതൽ അർത്ഥവത്താക്കുന്ന എല്ലാവരെയും വിശ്വാസത്തിൽ എടുത്തുള്ള നിയമനിർമ്മാണങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്തും; അല്ലാത്ത പക്ഷം ജനാധിപത്യം ദുർബലപ്പെടുകയും തകരുകയും ചെയ്യും.

മാനേജിംങ് എഡിറ്റർ
**ജോസഫ് ഒ. ഡി.**

അനുദിന വിശുദ്ധർ



## മെയ് 3
## വി. ചെറിയ യാക്കോബ്

സനിൽ മേനാച്ചേരി

'അവൻ ഇരുന്നിട്ടു പന്ത്രണ്ടു പേരെയും വിളിച്ചു പറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്ന വൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം'.

(മർക്കോസ് 9 : 35)

സെബ്ദിപുത്രനായ യാക്കോബിൽ നിന്ന് തിരിച്ചറിയാനാണ് ചെറിയ യാക്കോബ് എന്നു ഈ അപ്പസ്തോലനെ വിളിക്കുന്നത്.

അൻഫെയൂസിന്റെയും ദൈവ മാതാവിന്റെ ഒരു സഹോദരിയായ മേരിയുടെയും മകനാണു ഈ യാക്കോബ്. ഇദ്ദേഹത്തിന്റെ സഹോദരനാണ് വി. യൂദാ. യാക്കോബിനോടുള ബഹുമാനാധിക്യം നിമിത്തം യഹൂദന്മാർ അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ വിളുമ്പുതൊടുന്നതിൽ മൽസരിച്ചിരുന്നു.

ജെറുസലം കൗൺസലിൽ അപ്പസ്തോലന്മാർ എടുത്ത തീരുമാനത്തിന് അവസാന രൂപം കൊടുത്തത് യാക്കോബാണ്. (നട. 21:17) ഒരു ലേഖനം ശ്ലീഹായുടേതായി വേദപുസ്തകന്മാരെ ഉദ്ദേശിച്ചാണ് അതെഴുതിയിട്ടുള്ളത്. പ്രവൃത്തി കൂടാതെയുള്ള തെയുള്ള വിശ്വാസം നിർജ്ജീവമാണ്: നാവു ശരിയായി ഉപയോഗിക്കുന്നവർ പരിപൂർണ്ണരായിരിക്കും. എന്നീ വിശിഷ്ട തത്വങ്ങളാണ് ഈ ലേഖനത്തിൽ പൊന്തി നില്ക്കുന്നത്.

യാക്കോബിന്റെ രക്തസാക്ഷിത്വം ഹേജെസിപ്പുസു വിവരിക്കുന്നുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസം നിഷേധിക്കുവാൻ യഹൂദന്മാർ യാക്കോബിനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം കോട്ടയിൽ കയറി നിന്നു പറഞ്ഞു: 'മനുഷ്യപുത്രനായ ഈശോ സർവനാഥന്റെ വലതുഭാഗത്തിരിക്കുന്നു.' നിയമജ്ഞരും ഫരിസെയരും ഉടനെ ഉദ്ഘോഷിച്ചു: 'നീതിമാനായ മനുഷ്യനും അബദ്ധം പുലമ്പുന്നു'. അവർ കയറിച്ചെന്ന് അദ്ദേഹത്തെ താഴേക്കു തള്ളിയിട്ടു. കീഴെ നിന്നിരുന്നവർ അദ്ദേഹത്തെ അടിച്ചുകൊന്നു. നീറോ ചക്രവർത്തിയുടെ വാഴ്ച്ചയുടെ പത്താം വർഷം 62 ഏപ്രിൽ 10-ാം





തീയതി പെസഹാ തിരുനാൾ ദിവസമായിരുന്നു ഈ രക്ത സാക്ഷിത്വം.

വി. ഫിലിപ്പ് പരിശുദ്ധമായ ആഗ്രഹങ്ങൾക്ക്, വിശ്വാസത്തിന് പ്രാധാന്യം നല്കുന്നു; യാക്കോബ് പ്രവർത്തിക്കും. രണ്ടും നമുക്ക് ഒരുപോലെ ആവശ്യമുള്ളതാകയാൽ ഈ രണ്ട് അപ്പസ്തോലന്മാരുടെ തിരുനാൾ ഒരുമിച്ച് ആഘോഷിക്കുന്നു.


**JOHNSON MASTER MEMORIAL MUSIC ACADEMY**


JANATHA ROAD, CHELAKKOTTUKARA

MOB : 9349820992 / 8086678818

വെക്കേഷൻ ക്ലാസ്സുകൾ

ഏപ്രിൽ 6 മുതൽ രണ്ടു മാസത്തെ *CRASH COURSE* ആരംഭിക്കുന്നു.

*Violin, Guitar, Key Board, Ukulele, Recorder, Carnatic Music, Light Music, Drawing, Painting*



താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുക

Director : **Chakko Thattil**

**PETER ACADEMY**

കീബോർഡ്, ഗിറ്റാർ, വയലിൻ, ഡ്രംസ്, കർണ്ണാട്ടിക് വോക്കൽ, ഡാൻസ്

*Contact : 9645850608*

Play School - 9 am - 3 pm | Day Care - 9 am - 5 pm

KURA, Nellikkunnu, P.O. East Fort, Thrissur - 5

Contact : 8086652495, 9496675527

# വിശ്വാസവഴിയിലെ സംശയങ്ങൾ

## ദയാവധം സഭ അംഗീകരിക്കുന്നുണ്ടോ?

കത്തോലിക്കാസഭയുടെ ഔദ്യോഗിക പഠനപ്രകാരം വൈകല്യമുള്ളവരുടെയും, രോഗികളുടെയും മരണാസന്നരുടെയും ജീവിതം അവരുടെ സമ്മതത്തോടുകൂടിയോ അല്ലാതെയോ ബോധപൂർവ്വം അവസാനിപ്പിക്കുന്നതാണ് ദയാവധം (ccc 2277). ശാന്തവും വേദനാരഹിതവുമായ മരണവുമാണ് ഇതിലൂടെ വിവക്ഷക്കുന്നത്. പ്രത്യേക മരുന്നുകൾ കുത്തിവച്ചോ ജീവൻ നിലനിറുത്തുന്നതിന് ആവശ്യമായ ചില അടിസ്ഥാന ചികിത്സകൾ നിഷേധിച്ചോ ഒക്കെയാണ് ദയാവധം നടപ്പിലാക്കുന്നത്.

ദയാവധം 'കൊല്ലരുത്' എന്ന അഞ്ചാം ദൈവപ്രമാണത്തിന്റെ (പുറ 20.13) നേരിട്ടുള്ള ലംഘനമാണെന്നത് സുവ്യക്തം. മനുഷ്യജീവന്റെ മഹത്വത്തിനെതിരെയുള്ള പ്രവൃത്തി എന്ന നിലയിൽ ജീവദാതാവായ ദൈവത്തിന് എതിരെയുള്ള പാപമാണിതെന്നും (ccc 2277) കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നു. ജീവന്റെ സൂക്ഷിപ്പുകാർ മാത്രമാണ് മനുഷ്യർ. ജീവനെതിരായ എല്ലാ പ്രവർത്തികളും-കൊലപാതകം, വംശഹത്യ, ഭ്രൂണഹത്യ, ആത്മഹത്യ, ദയാവധം തുടങ്ങിയവ സമൂഹത്തെ വിഷലിപ്തമാക്കുന്ന കുറ്റകൃത്യങ്ങളാണ്. പ്രകൃതിനിയമവും ദൈവികനിയമവും ഒരുപോലെ ദയാവധം തെറ്റാണ് എന്ന് ആവർത്തിക്കുന്നു.

എന്നിരുന്നാലും ചില പ്രത്യേക സാഹചര്യങ്ങളിൽ നിയമാനുസൃതമായും എന്നാൽ ദൈവികനിയമത്തിന് വിരുദ്ധമാകാതെയും ചികിത്സാവിധികൾ അവസാനിപ്പിച്ചുകൊണ്ട് രോഗികളെ മരിക്കാൻ അനുവദിക്കുന്നു. മേല്പറഞ്ഞ സാധ്യത എന്തെന്ന് മനസ്സിലായാൽ മാത്രമേ ഇത്തരം മരണങ്ങൾ എന്തുകൊണ്ട് ദയാവധത്തിന്റെ പരിധിയിൽ വരുന്നില്ല എന്നു പറയാൻ കഴിയൂ. രണ്ട് സാഹചര്യങ്ങളാണ് ഇവിടെ പരിഗണിക്കേണ്ടത് ഒന്നാമതായി ഭാരിച്ചതും, അപകടകരവും അസാധാരണമോ അല്ലെങ്കിൽ ഉദ്ദേശിക്കുന്ന ഫലത്തോട് ആനുപാതികമല്ലാത്തതോ ആയ ചികിത്സാവിധികൾ നിറുത്തിവെയ്ക്കുന്നത് അനുവദക്കുന്നതാണ്.

രണ്ടാമതായി രോഗിയുടെ സ്വാഭാവികമായ മരണത്തെ തടയാതിരിക്കുന്നതും, അപകടകരവും ഫലശൂന്യവുമായ ചികിത്സാവിധികളെ അവസാനിപ്പിക്കുന്നതും അധാർമ്മികമല്ല. ഇവിടെ മരിക്കുക എന്നതിനെയല്ല നാം ലക്ഷ്യം വയ്ക്കുന്നത്, പകരം സ്വാഭാവികമായ രീതിയിൽ ഒരു വ്യക്തിയെ മരിക്കാൻ അനുവദിക്കുകയാണ്. ചികിത്സ തുടർന്ന് രോഗിയെ കൂടുതൽ വിഷമത്തിലാക്കുന്നതും ശരിയല്ല. ഉദാഹരണത്തിന് കാൻസറിന്റെ അവസാന ഘട്ടത്തിൽ എത്തിയ വ്യക്തിക്ക് കീമോതെറാപ്പി യാതൊരു ഫലവും നല്കില്ല എന്നു മാത്രമല്ല അയാളുടെ സഹനത്തെ പർവതീകരിക്കുക കൂടി ചെയ്യുന്നു. ഇവിടെ കീമോതെറാപ്പി ചെയ്യാതിരിക്കുന്നതാണ് ആ രോഗിയോട് ചെയ്യുന്ന ഏറ്റവും വലിയ നന്മ.

രോഗിയുടെ വേദന ശമിപ്പിക്കാനായ് നല്കുന്ന വേദന സംഹാരി ആ വ്യക്തിയുടെ മരണത്തെ ത്വരിതപ്പെടുത്തിയാൽ പോലും ധാർമികമായി നോക്കുമ്പോൾ ഒരു സ്നേഹപ്രവൃത്തി എന്ന നിലയിൽ അത് അനുവദിക്കാവുന്നതാണ് എന്ന് തിരുസഭ പഠിപ്പിക്കുന്നു. പക്ഷേ മരണം വേഗത്തിലാക്കുക എന്ന ലക്ഷ്യം ആയിരിക്കരുത് അത്തരം ചികിത്സയ്ക്ക് ഉണ്ടായിരിക്കുന്നത് (ccc 2279).

ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ഒരു വ്യക്തിയുടെ ചികിത്സ നിഷേധിക്കുന്നതും ആ വ്യക്തിയുടെ ആശ്വാസത്തിനായി, മരണം ത്വരിതപ്പെടുത്തുന്നതെങ്കിലും വേദനയകറ്റുന്ന മരുന്നുകൾ നല്കുന്നതും ചില പ്രത്യേക സാഹചര്യങ്ങളിൽ തെറ്റാവുകയില്ല എന്നാണ്.





## ഓർമ്മിക്കാം... ആചരിക്കാം

**മെയ് 2026**

| | |
|---|---|
| 1. വെള്ളി | തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് മാതാവിന്റെ വണക്കമാസാരംഭം |
| 6. ബുധൻ | വി. ഡൊമനിക് സാവിയോ |
| 14. വ്യാഴം | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 24. ഞായർ | പന്തക്കുസ്ത തിരുനാൾ |
| 30. ശനി | പരി.കന്യാമറിയത്തിന്റെ സന്ദർശന തിരുന്നാൾ |
| 31. ഞായർ | പരി.ത്രിത്വത്തിന്റെ തിരുനാൾ |

# വിശ്വാസ പരിശീലന വാർത്തകൾ

### ദൈവദർശൻ ക്യാമ്പ് നടത്തി

ഒന്നു മുതൽ എസ് സി സി വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഏപ്രിൽ 9, 10, 11 ദിവസങ്ങളിൽ ദൈവദർശൻ ക്യാമ്പ് നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. പോൾസൺ തട്ടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. ഫ്രാൻസിസ് പുത്തൂക്കര ക്യാമ്പിന് നേതൃത്വം കൊടുക്കുന്ന ബ്രദേഴ്സിനെയും വിദ്യാർത്ഥികളെയും സ്വാഗതം ചെയ്തു. മുന്നൂറിലധികം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ബ്ര. ജിബിൻ തട്ടിൽ ബ്ര. ഷെറിൻ കുണ്ടുകുളം, സി. ക്രിസ്റ്റീൻ ക്യാമ്പിന് നേതൃത്വം കൊടുത്തു. സമാപന സമ്മേളനത്തിൽ പ്രിൻസിപ്പാൾ റീൻ തെരേസ് എല്ലാവർക്കും നന്ദി പറഞ്ഞു.

### അഡ്മിഷൻ ആരംഭിക്കുന്നു

ഒന്നാം ക്ലാസിലേക്കുള്ള അഡ്മിഷൻ മെയ് 24, 31 ഞായറാഴ്ചകളിൽ നടത്തപ്പെടുന്നതാണ്. രക്ഷിതാക്കൾ കുടുംബ ഡയറിയുമായി വന്നു അഡ്മിഷൻ എടുക്കേണ്ടതാണ്. രണ്ടാമത്തെയും മൂന്നാമത്തെയും കുർബാനകൾക്ക് ശേഷമാണ് അഡ്മിഷൻ നടക്കുക.

### സംവാദ ക്ലാസ് നടത്തി

വിശ്വാസ പരിശീലന അതിരൂപത അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംവാദ ക്ലാസ് ഏപ്രിൽ 24 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 8.30 വരെ നടന്നു. വിശ്വാസപരിശീലനം എങ്ങനെ ശാക്തീകരിക്കാം എന്നതായിരുന്നു വിഷയം. യൂണിറ്റ് ഡയറക്ടർ ഫാ പോൾസൺ തട്ടിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫ്രാൻസോ തെക്കത്ത് സംവാദ ക്ലാസിന് നേതൃത്വം നൽകി. ഫാ. ഫ്രാൻസിസ് പുത്തൂക്കര, പ്രിൻസിപ്പാൾ സി. റീൻ തെരേസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. വൈസ് പ്രിൻസിപ്പാൾ ജോസഫ് ഒ. ഡി. സ്വാഗതവും, പ്രിൻസിപ്പാൾ സി. റീൻ തെരേസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഡോ. ബിനോയ് സി. എഫ്. നന്ദി പറയുകയും ചെയ്തു.

### അധ്യാപകരുടെ അർദ്ധദിന സെമിനാർ

വിശ്വാസ പരിശീലന അദ്ധ്യാപകരുടെ ഈ വർഷത്തെ അർദ്ധദിന സെമിനാർ മെയ് 24 ഞായർ ഉച്ചയ്ക്ക് 2 മണിക്ക് നടക്കും.

### പുതിയ അദ്ധ്യയന വർഷം

ഈ വർഷത്തെ വിശ്വാസ പരിശീലന ക്ലാസ്സുകൾ ജൂൺ 7 ഞായർ ആരംഭിക്കും.





# ദിവ്യകാരുണ്യ അത്ഭുതങ്ങൾ



ജോളി മൈക്കിൾ
(സേക്രഡ് ഹാർട്ട് യൂണിറ്റ്)

**മാലാഖ ദിവ്യകാരുണ്യം നൽകി (1916)**

1916 ഫാത്തിമയിൽ ഫ്രാൻസിസ് കോയും (8) ജസീന്തയും (6) ലൂസിയയും(14) ഒരുമിച്ച് ആടുകളെ മേച്ചുകൊണ്ടിരിക്കുമ്പോൾ മാലാഖയുടെ ഇടതു കൈയിൽ കാസയും വലതു കരത്തിൽ രക്തം ഇറ്റു വീഴുന്ന ദിവ്യകാരുണ്യവും അവർ കണ്ടു. ആ മൂന്നു പേരോടും മുട്ടിന്മേൽ നിന്ന് താഴെപ്പറയുന്ന പ്രാർത്ഥന ചൊല്ലാൻ മാലാഖ നിർദേശിച്ചു. 'പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഭൂലോക പാപങ്ങൾക്കായും സകലവിധ തിരുഅപമാനങ്ങൾക്കും പരിഹാരമായി, എത്രയും പരിശുദ്ധനായ ഈശോയുടെ തിരുശരീരം തിരുരക്തം, ആത്മാവിനെയും ദൈവത്വത്തെയും ലോകമെങ്ങും ഉള്ള സക്രാരിയിൽ വസിക്കുന്ന ഈശോയുടെ പീഡാസഹനങ്ങളെയും പരി. അമ്മയുടെ വിമല ഹൃദയം വഴി പാപികളുടെ മാനസാന്തരത്തിനായി അങ്ങേയ്ക്ക് കാഴ്ച വയ്ക്കുന്നു. മൂന്നുപ്രാവശ്യം ആരാധിച്ച ശേഷം ലൂസിയ്ക്ക് ദിവ്യകാരുണ്യവും, ഫ്രാൻസിസ് കോയ്ക്കും ജസീന്തക്കും കാസയിൽ നിന്നു പാനം ചെയ്യുവാനും കൊടുത്തു.

'ലോകത്ത് നെറികേടുള്ള നന്ദിയില്ലാത്ത മനുഷ്യർ ചെയ്തു കൂട്ടുന്ന പാപങ്ങൾക്ക് പരിഹാരമായി ദൈവത്തിന് ആശ്വാസം പകരുവിൻ' എന്ന് പറഞ്ഞശേഷം വീണ്ടും തറയിൽ വീണു കുമ്പിട്ട് ആരാധിച്ചശേഷം മുമ്പ് ഏറ്റു ചൊല്ലിയ അതേ പ്രാർത്ഥന മൂന്നു പ്രാവശ്യം ചൊല്ലിയയുടൻ മാലാഖ അപ്രത്യക്ഷമായി.

രചന :
**റവ. ഫാ. ജോനത്തൻ കപ്പൂച്ചിൻ**

# അമ്മ അവസാനം കേട്ട ഗാനം



അവലംബം : സന്ദേശകഥാസാഗരം, ജെയ്മോൻ കുമരകം
തയ്യാറാക്കിയത് : ഷിൻഡ അനീഡ്, സെ. ജോസഫ് യൂണിറ്റ്

'നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ് ' (2 കോറി 6:16)

ഡെയിൽ കാർണിഗി എഴുതിയ ഒരു അനുഭവ കഥയുണ്ട് സാമ്പത്തികമായി തകർന്ന ഒരു സാധു കുടുംബത്തിന്റെ കഥയാണത്.

ദാരിദ്ര്യത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിലൂടെയാണ് മേരി കുഷ്മാൻ എന്ന വനിത കടന്നുപോയത്. ഭർത്താവിന് കിട്ടുന്ന ചുരുങ്ങിയ ശമ്പളം കൊണ്ട് ജീവിതം നയിക്കാൻ പറ്റാതെ മേരി എന്ന വീട്ടമ്മ ഏറെ ക്ലേശിക്കുന്നു. അടുത്തുള്ള പല ചരക്ക് കടയിൽ 50 ഡോളറോളം കൊടുത്തു തീർക്കാനുണ്ട്. പറഞ്ഞ അവധിക്ക് ഒന്നും മേരിക്ക് ആ തുക കൊടുത്തു തീർക്കാതെ ക്ഷുഭിതനാകുമായിരുന്നു. ഒരിക്കൽ 12 വയസ്സുകാരനായ മേരിയുടെ പുത്രനെ അയാൾ മർദ്ദിക്കുകയും ചെയ്തു അവൻ പെൻസിൽ മോഷ്ടിക്കാൻ ശ്രമിച്ചു എന്നാ യിരുന്നു ആരോപണം. വേദനയും അപമാനഭാരവും സഹിച്ചു നിഷ്കളങ്കനായ ബാലൻ വീട്ടിലെത്തി അമ്മയോട് പറഞ്ഞു. വിശന്നു തളർന്നിരുന്ന അവൾക്ക് കുഞ്ഞിന്റെ ഈ വിലാപം കൂടി താങ്ങാനുള്ള കരുത്ത് ഉണ്ടായിരുന്നില്ല ജീവിക്കാൻ മറ്റൊരു വഴിയും കാണാത്തതു കൊണ്ട് ഇനി ആത്മഹത്യ തന്നെ അഭയം എന്നും മേരി തീരുമാനിക്കുന്നു.

വാതിലും ജനലും എല്ലാം അടച്ചു കുറ്റി മേരി കുഞ്ഞിനെ എടുത്ത് കട്ടിലിൽ കിടത്തി. പിന്നെ മുറി മുഴുവൻ കീറിയ തുണികളും പേപ്പറുകളും നിറച്ചു. അതിനു ശേഷം അവൾ ഗ്യാസ് ഹീറ്റർ ഓൺ ചെയ്തു. മുറിയിലേക്ക് ഗ്യാസ് പരനൊഴുകാൻ തുടങ്ങി. അമ്മയുടെ പ്രവർത്തിയുടെ അർത്ഥമൊന്നും ഗ്രഹിക്കാൻ കുഞ്ഞുമകനും കഴിഞ്ഞുമില്ല. അവനെ ചേർത്തുപിടിച്ചു നിറഞ്ഞ കണ്ണുകളോടെ അമ്മ അടുത്തു കിടന്നു തൊട്ടടുത്തിരുന്ന റേഡിയോയിൽ കൂടി അവൾ ഒരു ഗാനം കേട്ടു.

'എന്റെ യേശുനാഥൻ
എത്ര നല്ല സുഹൃത്താണ്
അവൻ എന്റെ പാപങ്ങളും
ഉള്ളിൽ തിങ്ങും വിഷാദങ്ങളും





ഏറ്റെടുക്കുന്നു.
നമ്മുടെ ഉൽക്കണ്ഠക്കും വിഷാദത്തിനും എന്താണ് കാരണം.
നാം നമ്മെ തന്നെ പൂർണ്ണമായി യേശുവിനെ നൽകുന്നില്ല.
പ്രാർത്ഥിച്ചു നാം ശക്തി നേടുന്നില്ല.....'

ഇതായിരുന്നു ശ്രുതി മധുരമായ ഗാനത്തിന്റെ അർത്ഥം. പെട്ടെന്ന് അവൾ ചാടി എണീറ്റു. താൻ ചെയ്ത തെറ്റിന്റെ ഭീകരത അവൾക്ക് ബോധ്യമായി ഉടനെ അവൾ ഗ്യാസ് ഓഫ് ചെയ്തു ജനലും വാതിലും തുറന്നിട്ടു മുറിയിൽ നിറഞ്ഞ ഗ്യാസ് പുറത്തേക്ക് പോയി.

മേരി കണ്ണീരോടെ യേശുവിന്റെ തിരുസ്വരൂപത്തിനു മുന്നിൽ മുട്ടുകുത്തി അവളുടെ കടങ്ങൾ വീട്ടാൻ വേണ്ടിയുള്ള യാചനാ, പ്രാർത്ഥന ആയിരുന്നില്ല അത്.

അധികം വൈകാതെ മേരിക്ക് സാമാന്യം നല്ലൊരു ജോലി കിട്ടി. അവളുടെ കുഞ്ഞ് മിടുക്കനായി പഠിച്ച് വലിയ ശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥനായി.

ഡെയിൽ കർണേഗി മേരിയുടെ ഈ അനുഭവം കുറിക്കുന്ന കാലയളവിൽ അവൾ മൂന്നു പേരക്കിടാങ്ങളുടെ മുത്തശ്ശിയായിരുന്നു.

'നാം എത്ര കണ്ടു കൂടുതലായി നമ്മുടെ മേൽ വിജയം നേടുന്നുവോ അത്രകണ്ട് കൂടുതൽ ദൈവം നമുക്ക് അനുഗ്രഹം തരുന്നു'.

## ഭക്തസംഘടനാ വാർത്തകൾ

### യൂത്ത് മീറ്റ് നടത്തി

സീനിയർ സിഎൽസിയുടെ നേതൃത്വത്തിൽ ഇടവകയിലെ യുവജനങ്ങൾക്കായി ഏപ്രിൽ 19 ഞായർ വൈകീട്ട് യൂത്ത് മീറ്റ് സംഘടിപ്പിച്ചു. വികാരി ഫാ. പോൾസൺ തട്ടിൽ പരിപാടി ഉദ്ഘാടനം ചെയ്തു. സി എൽ സി പ്രസിഡന്റ് ലിയോ പഞ്ഞിക്കാരൻ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫ്രാൻസിസ് പുത്തൂക്കര ആശംസ നേർന്നു. ഫാ. സാജൻ മാറോക്കി, ഫാ. പ്രദീപ് മാപ്രാണത്തുകാരൻ എന്നിവരടങ്ങുന്ന ടീം യൂത്ത് മീറ്റിന് നേതൃത്വം കൊടുത്തു. ഏ. ഡി. ഷാജു, രഞ്ജു തോമസ്, കെ. പി. സണ്ണി എന്നിവർ പ്രസംഗിച്ചു. നൂറോളം യുവജനങ്ങൾ 'പ്രത്യാശയുടെ പ്രവാചകരാവുക' എന്ന പരിപാടിയിൽ പങ്കെടുത്തു.

## പൊരുളറിയാൻ :





മിനി ജോർജ്ജ് തട്ടിൽ, സെ. ജോസഫ് യൂണിറ്റ്

### യൂദാസ് എഴുതിയ ലേഖനം :-

പുതിയ നിയമത്തിലെ ഏറ്റവും ചെറിയ പുസ്തകങ്ങളിലൊന്നാണ്, ഒരു അധ്യായവും 25 വാക്യങ്ങളും ഉള്ള യൂദാ അപ്പസ്തോലൻ എഴുതിയ ഈ ലേഖനം അധികം അറിയപ്പെടാത്തതും, പൊതുവേ അവഗണിക്കപ്പെടുന്നതുമായ ഈ പുസ്തകം കത്തോലിക്കാ ലേഖനങ്ങളിൽ ഒന്നാണ്. വ്യാജ പ്രസംഗകർ ആദിമ ക്രിസ്ത്യൻ സമൂഹത്തിനെതിരെ ഉയർത്തിയ ഭീഷണിയെ ചെറുക്കാനാണ് താൻ ഈ ലേഖനം എഴുതിയത് എന്ന് രചയിതാവ് തന്നെ കുറിക്കുന്നു "യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ" എന്നാണ് രചയിതാവ് സ്വയം വിശേഷിപ്പിക്കുന്നത്.

അപ്പോസ്തലന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസം സംരക്ഷിക്കുന്നതിനാണ് ഈ ലേഖനം എഴുതിയത്. ധാർമിക ജീവിതത്തിൽ വിശ്വാസ സത്യങ്ങളുടെ പ്രാധാന്യം ഇത് ഊന്നി പറയുന്നു. പാപികൾ കഠിനമായി ശിക്ഷിക്കപ്പെടും എന്ന് കർശനമായ മുന്നറിയിപ്പ് പ്രഖ്യാപിക്കുന്നു. കർത്താവിന്റെ കരുണയും നിത്യജീവനും വാഗ്ദാനം ചെയ്യപ്പെടുന്നു. അപ്പസ്തോലന്മാരിൽ നിന്ന് ലഭിക്കുന്ന വിശ്വാസം ധാർമിക ജീവിതത്തിന്റെ അടിത്തറയായിരിക്കണം വിശ്വാസികൾ കർത്താവിന്റെ രണ്ടാം വരവിനായി ആകാംക്ഷയോടെ കാത്തിരിക്കണം. വിശ്വസ്തരും, അനുസരണയുള്ളവരുമായ ശിഷ്യത്വം യുഗത്തിന്റെ മഹത്വത്തിലേക്ക് നയിക്കും.

ദൈവത്തിന്റെ കരുണയ്ക്കും സമാധാനത്തിനും വേണ്ടിയുള്ള ആഗ്രഹത്തോടെയാണ് ഈ ലേഖനം ആരംഭിക്കുന്നത്, ഒരു സ്തുതി ഗീതത്തോടെയാണ് അവസാനിക്കുന്നത് വിശ്വാസ ജീവിതത്തിൽ നിന്നും സഭയിൽ നിന്നും അകന്നിരിക്കുന്നവരുടെ മാനസാന്തരത്തിനും, തിരിച്ചുവരവിനും നാം കരുണപൂർവ്വം പരിശ്രമിക്കണം.





അതേസമയം, അതേ തെറ്റ് സ്വയം വരുത്താതിരിക്കാൻ നാം ശ്രദ്ധിക്കണം. പ്രലോഭനത്തിന്റെ ശക്തിയെ ഒരിക്കലും കുറച്ചു കാണരുത്. വീഴ്ച സംഭവിച്ചാൽ ലഭിക്കുന്ന നിത്യശിക്ഷയെ നാം എപ്പോഴും ഓർമ്മിക്കണം.

യേശുക്രിസ്തുവിലൂടെ ദൈവം നമുക്ക് നൽകുന്ന ഒരു ദാനമാണ് രക്ഷ. നമ്മെ ചുറ്റി പറ്റി അലറുന്ന തിന്മയുടെ പ്രലോഭനങ്ങളിൽ വീഴാതിരിക്കാൻ ദൈവത്തിന് നമ്മെ സഹായിക്കാനാകും. ക്രിസ്തീയ വിശ്വാസം ആത്യന്തികമായി നമുക്ക് ഭയവും നിരാശയും നൽകുന്നില്ല, മറിച്ച് പ്രത്യാശയും സന്തോഷവും ആണ് നൽകുന്നത് നരകാഗ്നിയെ കുറിച്ച് പഠിപ്പിക്കുമ്പോൾ ഒരാൾ അതിൽ വീഴുകയില്ലെന്നും ദൈവത്തിരുമുമ്പാകെ എന്നേക്കും സന്തോഷിക്കാൻ കഴിയും എന്നാണ് വിശ്വാസം നൽകുന്ന ഉറപ്പ്. അതിനാൽ കർത്താവിന്റെ കരുണയിൽ ആശ്രയിക്കുകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുക.

(തുടരും...)

## കുടുംബക്കൂട്ടായ്മ വാർത്തകൾ

❖50 ദിവസത്തെ നോമ്പിന് സമാപനം കുറിച്ച് പ്രത്യാശയുടെ സന്ദേശവുമായി കടന്നുവന്ന ഈസ്റ്ററിന് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പാതിരാകുർബാനയ്ക്കുശേഷം നോമ്പ് വീടൽ നടത്തി. ഭക്ഷണപദാർത്ഥങ്ങൾ ഫാ. പോൾസൺ തട്ടിൽ ആശിർവദിച്ചു. സഹവികാരി ഫാ. ഫ്രാൻസിസ് പുത്തൂക്കര, കൈക്കാരന്മാർ, കേന്ദ്രസമിതി ഭാരവാഹികൾ, കൺവീനർ, ജോ. കൺവീനർമാർ എന്നിവർ അടങ്ങിയ ടീം പരിപാടികൾക്ക് നേതൃത്വം നൽകി. ഇടവകയിലെ സുമനസ്സുകളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന (ഉപകാരസ്മരണ)**

**പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവ് തരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നും അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.**

**- ഒരു വിശ്വാസി**

# ലോക പ്രശസ്ത ക്രൈസ്തവ ദൈവാലയങ്ങൾ



പ്രൊഫ. ബിനോയ് സി. എഫ്.

### സാന്താ മരിയ മജിയോറെ ബസിലിക്ക റോം

റോമിലെ ഏറ്റവും പ്രധാനപ്പെട്ട നാല് പേപ്പൽ ബസിലിക്കകളിൽ ഒന്നാണ് സാന്താ മരിയ മജിയോറെ ബസിലിക്ക ( സെന്റ് മേരി മേജർ,ബസിലിക്ക). വത്തിക്കാൻ നഗരത്തിന് പുറത്ത് റോമിലെ എസ്‌കിലിൻ കുന്നിലാണ് ഈ ബസിലിക്ക സ്ഥിതി ചെയ്യുന്നത്. എങ്കിലും മാർപാപ്പയുടെ നേരിട്ടുള്ള അധികാരത്തിന് കീഴിലാണ് ബസിലിക്ക പ്രവർത്തിക്കുന്നത്. AD 352/358 കാലഘട്ടത്തിൽ കന്യാമറിയം പോപ്പ് ലിബേരിയസീനും റോമിലെ ഒരു ധനിക ദമ്പതി കൾക്കും സ്വപ്നത്തിൽ പ്രത്യക്ഷ പ്പെട്ട് വേനൽക്കാലത്ത് മഞ്ഞു വീഴുന്ന സ്ഥലത്ത് ഒരു പള്ളി പണിയണമെന്ന് ആവശ്യപ്പെട്ടു. നല്ല വേനൽക്കാലത്ത് ഓഗസ്റ്റ് അഞ്ചിന് എസ്‌കിലിൻ കുന്നിൽ മഞ്ഞുപെയ്യുകയും അവിടെ പള്ളിയുടെ പ്ലാൻ തെളിഞ്ഞു വരികയും ചെയ്തു എന്നാണ് പാരമ്പര്യം. എല്ലാ വർഷവും ഓഗസ്റ്റ് 5 ന് ബസിലിക്കയുടെ സമർപ്പണ തിരുനാളിൽ മേൽക്കൂരയിൽ നിന്ന് വെള്ള റോസ ദളങ്ങൾ വർഷിച്ച് മഞ്ഞു വീഴൽ അത്ഭുതം ഇന്നും അനുസ്മരിക്കുന്നു.

AD 431 ൽ നടന്ന എഫേസൂസ് സുനഹദോസ് മറിയത്തെ 'ദൈവ മാതാവായി'പ്രഖ്യാപിച്ചു. അതിനു ശേഷം സിക്സ്റ്റസ് III മാർപാപ്പ ബസിലിക്ക പുനർനിർമ്മിച്ചു. റോമിലെ പുരാതന ബസിലിക്കകളിൽ ക്രിസ്തീയ ഘടന നിലനിർത്തിയ പ്രധാന ബസലിക്ക ആണിത്. 36 തൂണുകളോടു കൂടിയ പള്ളിയുടെ പ്രധാന ഹാൾ അഞ്ചാം നൂറ്റാണ്ടിലെ ചിത്രകല മൊസൈക്കുകൾ 240 അടി ഉയരത്തിലുള്ള മണി മാളിക എന്നിവയെല്ലാം സവിശേഷതകൾ നിറഞ്ഞതാണ്.

### ബസിലിക്കയുടെ പ്രധാന സവിശേഷതകൾ

ബത്‌ലഹേമിൽ ഉണ്ണീശോയെ കിടത്തിയ പുൽക്കൂട്ടിലെ ഭാഗങ്ങൾ, സിക്കമൂർ മരത്തിന്റെ 5 തടിക്കഷണങ്ങൾ തിരുശേഷിപ്പായി ഈ ബസിലിക്കയിൽ





സൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ "റോമിലെ ബെത്‌ലഹേം" എന്ന് ഈ ബസിലിക്കയ്ക്ക് വിളിപ്പേരുണ്ട്.

റോമൻ ജനതയുടെ രക്ഷ (Salus populi Romani) എന്ന പ. മാതാവിന്റെ പതിമൂന്നാം നൂറ്റാണ്ടിലെ ഐക്കൺ ലോകപ്രശസ്തമാണ്. ഏകദേശം നാല് അടി ഉയരമുള്ള ഈ ഐക്കൺ മാതാവിനെ കടുംനീല വസ്ത്രത്തിൽ സ്വർണകരകളോടുകൂടി ഉണ്ണീശോയെ കയ്യിലെടുത്തു നിൽക്കുന്ന രീതിയിലാണ് ചിത്രീകരിച്ചിരിക്കുന്നത്. പ്ലേഗ് യുദ്ധം തുടങ്ങിയ പ്രതിസന്ധികളിൽ റോമാക്കാർ ഈ ചിത്രം വഹിച്ച് പ്രദക്ഷിണമായി മാതാവിന്റെ മധ്യസ്ഥം തേടി പ്രാർത്ഥിച്ചു പോരുന്നു. ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പ ഈ മാതാവിന്റെ വലിയ ഭക്തനായിരുന്നു. സഭയുടെ ഓരോ പ്രതിസന്ധിഘട്ടങ്ങളിലും അതുപോലെ തന്നെ പേപ്പൽ യാത്രകൾക്കു മുമ്പും ശേഷവും ഫ്രാൻസിസ് പാപ്പ ഈ ബസിലിക്കയിൽ എത്തിച്ചേരുകയും പൂക്കൾ അർപ്പിച്ചു മാതാവിന്റെ മധ്യസ്ഥം തേടി പ്രാർത്ഥിച്ചിരുന്നതും ശ്രദ്ധേയമായിരുന്നു. ഫ്രാൻസിസ് പാപ്പയുടെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ ഭൗതിക ശരീരം അടക്കം ചെയ്തതും ഈ ബസലിക്കയിൽ തന്നെയാണ്.

പാശ്ചാത്യ സഭയിലെ ഏറ്റവും പുരാതനമായ മരിയൻ ദേവാലയവും മരിയൻ തീർത്ഥകേന്ദ്രവും മേരി മേജർ ബസിലിക്ക തന്നെയാണ്. ഫ്രാൻസിസ് പാപ്പ ഏഴു മാർപ്പാപ്പമാരുടെ ഭൗതിക ശരീരം ഇവിടെ അടക്കം ചെയ്തിട്ടുണ്ട്. അഞ്ചാം നൂറ്റാണ്ടിലെ ചുവർ ചിത്ര മൊസൈക്കുകൾ അബ്രഹാം മുതൽ യേശുക്രിസ്തുവിന്റെ ജീവിതം വരെയുള്ള രക്ഷാകര ചരിത്രം വരച്ചുകാട്ടുന്നു. 1600 വർഷത്തെ വിശ്വാസത്തിന്റെയും കലയുടെയും ചരിത്രത്തിന്റെയും ജീവിക്കുന്ന സ്മാരകം.

പതിമൂന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ Salus Populi Romani എന്ന മാതാവിന്റെ രൂപവും അതുപോലെ വിശുദ്ധ പുൽക്കൂടിന്റെ തിരുശേഷിപ്പുകൾ ഉള്ളതുകൊണ്ടും അതിപുരാതനം കാലം മുതൽ തന്നെ റോമിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായി സെൻമേരി മേജർ ബസിലിക്ക അറിയപ്പെടുന്നു.



# വാർത്തകൾ, വിശേഷങ്ങൾ

ആഗ്നസ് ജോജോ

● **സമാധാനം കൊണ്ടു വരുന്നവർ അനുഗ്രഹിക്കപ്പെട്ട വർ ലെയോ XIV**

ഞാൻ യുദ്ധത്തിനെതിരെ ഇനിയും ഉറക്കെ പ്രതികരിക്കുമെന്നും എനിക്ക് ട്രംപ് ഭരണകൂടത്തെ ഭയമില്ലെന്നും സമാധാനത്തിനു വേണ്ടി ഇനിയും സംസാരിക്കുമെന്നും ലെയോ XIV. സമാധാനം എന്ന ക്രൈസ്തവ ആദർശത്തിന്റെ കടക്കലാണ് ട്രംപ് കത്തി വെച്ചിരിക്കുന്നത് എന്നും സുവിശേഷം ഇനിയും ഉറക്കെ പ്രഘോഷിക്കുമെന്നും ലെയോ XIV മാർപാപ്പ.

● **മാർ റാഫേൽ തട്ടിൽ സപ്തതി നിറവിൽ**

നമ്മുടെ സഭയുടെ തലവനും പിതാവുമായ റാഫേൽ തട്ടിൽ സപ്തതിയിലേക്ക് കടന്നു. 1956 ഏപ്രിൽ 21നാണ് പിതാവിന്റെ ജനനം. ലളിതമായ ചടങ്ങുകളോടെ സഭ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ പിതാവ് വിശുദ്ധ ബലിയർപ്പിക്കുകയും പ്രമുഖരുടെ ആശംസകൾ ഏറ്റുവാങ്ങുകയും ചെയ്തു. 2010ൽ തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാനാവുകയും 2017 ൽ ഷംഷാബാദ് രൂപത രൂപവൽക്കരിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാൻ ആവുകയും 2024 ൽ മാർ ജോർജ് ആലഞ്ചേരിയുടെ പിൻഗാമിയായി മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

● **ക്രിസ്തു പ്രതിമ തകർത്തു** – ലെബനനിൽ യേശുക്രിസ്തുവിന്റെ പ്രതിമ ഇസ്രായേൽ സൈനികൻ തകർത്തു. ക്രിസ്തുവിന്റെ പ്രതിമ ചുറ്റികകൊണ്ട് സൈനികൻ തകർക്കുന്നത് ദൃശ്യങ്ങളിൽ വ്യക്തമാണെന്ന് ഇസ്രായേൽ ഭരണകൂടം സമ്മതിച്ചു. കുറ്റക്കാർക്കെതിരെ കർശനനടപടിയെടുക്കുമെന്ന് ഇസ്രായേൽ ഭരണകൂടം പ്രഖ്യാപിച്ചു.

● **ഫ്രാൻസിസ് മാർപാപ്പ ഓർമ്മയായി ഒരാണ്ട്** – കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മുഖമായി ലോകത്തിന് ഏറെ പ്രിയങ്കരനായിരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിന് ഏപ്രിൽ 21ന് ഒരാണ്ട് തികഞ്ഞു. കത്തോലിക്ക സഭയിൽ കാലോചിത മാറ്റങ്ങൾക്ക് വാതിൽ തുറന്നിട്ട ഫ്രാൻസിസ് മാർപാപ്പ 88-ാം വയസ്സിലാണ് വിടവാങ്ങിയത്.

● **ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് നിര്യാതനായി** – ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ സ്ഥാപക ഡയറക്ടറും അതിരൂപതയുടെ മുൻ വികാരി ജനറലും ആയിരുന്ന ഫ്രാൻസിസ് ആലപ്പാട്ട് അന്തരിച്ചു. ഒട്ടേറെ പരിസ്ഥിതി മതസൗഹാർദ്ദ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയനായ പുരോഹിതനായിരുന്നു ഫാദർ ആലപ്പാട്ട്.





ആരോഗ്യപംക്തി



## ആൻജിയോഗ്രാമും ബ്ലോക്കുകളും

ട്രീസ ബാബു
സെ. ജൂഡ് യൂണിറ്റ്

ഹൃദയത്തിലെ രക്തക്കുഴലുകളിലെ ബ്ലോക്കുകൾ ആണ് ഹാർട്ട് അറ്റാക്കും അതിനോട് ബന്ധപ്പെട്ട രോഗങ്ങളും ഉണ്ടാക്കുന്നത്. ബ്ലോക്കുകളുടെ സ്ഥാനവും കാഠിന്യവും മനസ്സിലാക്കാനുള്ള ടെസ്റ്റാണ് കൊറോണറി ആൻജിയോഗ്രാം. ഇത് രണ്ടു വിധത്തിൽ ചെയ്യാം. സി.റ്റി. കൊറോണറി ആൻജിയോഗ്രാം അല്ലെങ്കിൽ ഇൻവേസീവ് കൊറോണറി ആൻജിയോഗ്രാം. ഒരു കാർഡിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ ചെയ്യുന്ന ടെസ്റ്റ് ആണ് ഇൻവേ സീവ് കൊറോണറി ആൻജിയോ ഗ്രാം. ലളിതമായി പറഞ്ഞാൽ കൈയിലെയോ കാലിലെയോ രക്തകുഴൽ വഴി ഒരു തീപ്പെട്ടിക്കൊള്ളി വണ്ണത്തിലുള്ള ട്യൂബ് അഥവാ കത്തീറ്റർ കടത്തി വിട്ടു ഹാർട്ടിന്റെ പ്രധാന രക്തക്കുഴലുകളിൽ (ലെഫ്റ്റ് മെയിൻ കൊറോണറി ആർട്ടറി, റൈറ്റ് കൊറോണറി ആർട്ടറി) എത്തിച്ചു അതിലൂടെ ഡൈ കടത്തിവിട്ട് ഇമേജിങ് ചെയ്യുന്ന പരിശോധനയാണിത്. ബ്ലോക്കുള്ള രക്തക്കുഴലാണെങ്കിൽ ആ ഭാഗത്തേക്കുള്ള ഡൈയുടെ ഒഴുക്ക് തടസപ്പെടുന്നതിനാൽ ബ്ലോക്കുകൾ എളുപ്പം കണ്ടുപിടിക്കാം. കൈവഴിയാണ് ചെയ്യുന്നതെങ്കിൽ അതേ ദിവസം തന്നെ രോഗിക്ക് ആശുപത്രി വിടാവുന്നതാണ്. ഈ പരിശോധന താരതമ്യേന അപകടം കുറ വുള്ളതുമാണ്. ആൻജിയോഗ്രാം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന ഡൈ അപൂർവമായി അലർജി ഉണ്ടാക്കാം. വൃക്കകളുടെ പ്രവർ ത്തന തകരാറുകളുള്ളവർക്ക് ആൻജിയോഗ്രാം ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. പക്ഷെ ചില പ്രത്യേക സാഹചര്യങ്ങളിൽ അത്തരം രോഗികൾക്കും എല്ലാ മുൻകരുതലുകളും എടുത്ത് ആൻജിയോഗ്രാം ചെയ്യേ ണ്ടത് ആവശ്യമായി വരാം. ആൻജിയോഗ്രാം ചെയ്യുമ്പോൾ ബോധം കെടുത്തേണ്ട ആവശ്യമില്ല, ചെയ്യുന്ന ഭാഗം മരവിപ്പിച്ചാൽ മതി.

ബ്ലോക്കുകൾ എങ്ങനെ ചികിത്സിക്കണമെന്നത് അതിന്റെ കാഠിന്യവും സ്ഥാനവും, ബ്ളോക്ക് വന്ന രക്തക്കുഴലിന്റെ വ്യാസവും അനുസരിച്ചാണ്. ഉദാഹരണത്തിന് 70% നു കൂടുതലുള്ളതോ, ഹാർട്ടിന്റെ മൂന്നു പ്രധാന രക്തക്കുഴലുകളിൽ സ്ഥിതി ചെയ്യുന്നതുമായ ബ്ലോക്കുകൾ മാത്രമാണ് നമുക്ക് ചികിത്സി ക്കേണ്ടതിന്റെ ആവശ്യമുള്ളു. 70 ശതമാനത്തിൽ കുറവുള്ളതും, രക്തക്കുഴലിന്റെ ചെറിയ ശാഖകളിലുള്ളതുമായ ബ്ലോക്കുകൾക്ക് മരുന്നുകൾ മതിയാകും. കൊറോണറി ധമനികളുടെ ബ്ലോക്കുകൾ കണ്ടെത്തി അതിന്റെ ഏറ്റവും ഉത്തമമായ ചികിത്സ ഏത് എന്ന് തീരുമാനിക്കാൻ ആധുനിക വൈദ്യശാസ്ത്രം ഇന്ന് അവ ലംബിക്കുന്ന ഏറ്റവും പ്രധാന പരിശോധനയാണ് കൊറോണറി ആൻജിയോഗ്രാം.

# രുചികൂട്ട്



ലിയ സജി

## ഡ്രൈ റെഡ് ചില്ലി ചിക്കൻ

**ചേരുവകൾ**

കോഴിയിറച്ചി എല്ലില്ലാത്തത് - Ω kg
വറ്റൽമുളക് - 12 എണ്ണം
കടലമാവ് / കോൺഫ്ളോർ - 6 ടേബിൾസ്പൂൺ
ഇഞ്ചി - 2 ഇഞ്ച് കഷണം
വെളുത്തുള്ളി - 10 അല്ലി
ചെറിയ ഉള്ളി - 15 എണ്ണം
കറിവേപ്പില - 2 ഇതൾ
നാരങ്ങാനീര് - 1 ടേബിൾസ്പൂൺ
മുളകുപൊടി - 1º ടേബിൾസ്പൂൺ
മഞ്ഞൾപൊടി - 1 നുള്ള്
വെളിച്ചെണ്ണ - വറുക്കാൻ ആവശ്യത്തിന്
ഉപ്പ് - ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

❖കോഴിയിറച്ചി വൃത്തിയാക്കിയ ശേഷം ചെറിയ കഷ്ണങ്ങളായി നീളത്തിൽ മുറിച്ചെടുക്കുക. ഇഞ്ചി (1 ഇഞ്ച് കഷണം), വെളുത്തുള്ളി (5 അല്ലി), കറിവേപ്പില (1 ഇതൾ), നാരങ്ങാനീര്, ഉപ്പ്, 1 ടേബിൾസ്പൂൺ മുളകുപൊടി, മഞ്ഞൾപൊടി എന്നിവ അരച്ചെടുക്കുക.

❖അരച്ചെടുത്ത മിശ്രിതം കോഴിയിറച്ചിയിൽ പുരട്ടി 1/2 മണിക്കൂർ വയ്ക്കുക.

❖ബാക്കിയുള്ള ഇഞ്ചി, വെളുത്തുള്ളി, ചെറിയ ഉള്ളി എന്നിവ ചെറുതായി അരിയുക.

❖കടലമാവ് / കോൺഫ്ളോർ 4 ടേബിൾസ്പൂൺ വെള്ളത്തിൽ കുഴച്ച് കോഴിയിറച്ചിയിൽ നന്നായി പുരട്ടുക.

❖പാനിൽ എണ്ണ ചൂടാക്കിയ ശേഷം കോഴിയിറച്ചി ഇട്ട് ബ്രൌൺ നിറമാകുന്നതുവരെ വറക്കുക.

❖മറ്റൊരു പാനിൽ 2 ടേബിൾസ്പൂൺ എണ്ണ ചൂടാക്കുക. തീ കുറച്ച ശേഷം വറ്റൽ മുളക് ഇട്ട് ബ്രൌൺ നിറമാകുമ്പോൾ വെളുത്തുള്ളി, ഇഞ്ചി, ചെറിയ ഉള്ളി, കറിവേപ്പില, ഉപ്പ് എന്നിവ ചേർത്തു വഴറ്റുക.

❖ഇത് ഗോൾഡൻ നിറമാകുമ്പോൾ 1 ടേബിൾസ്പൂൺ മുളകുപൊടി ചേർത്തിളക്കുക. പിന്നീട് വറുത്ത കോഴിയിറച്ചി ഇതിലേയ്ക്ക് കൂട്ടി യോജിപ്പിച്ച് തീ അണയ്ക്കുക.





# ജൂബിലി മിഷൻ മെഡിക്കൽ കോളേജിനെ തകർക്കാനോ ഈ സമരം ?

ജോസഫ് ഒ. ഡി.

കഴിഞ്ഞ കുറെ ദിവസങ്ങളായി ജൂബിലി മെഡിക്കൽ കോളേജിലെ ഒരു വിഭാഗം നഴ്സുമാർ സമരത്തിലാണെന്ന് നമുക്കറിയാം. സമരം കിടന്നു കിടന്നു ഒരു ശനിയാഴ്ച നേഴ്സുമാർ (മാലാഖമാർ) ഇവരുടെ സമരവുമായി യാതൊരു ബന്ധമില്ലാത്ത തൃശ്ശൂർ അതിരൂപത ആസ്ഥാനത്തേക്ക് മാർച്ച് നടത്തി. അതിരൂപത ആസ്ഥാനം ഉപരോധിച്ചു ഇത് സംശയാസ്പദമാണ്. 75 വർഷത്തെ പാരമ്പര്യമുള്ള ഇന്നും തൃശ്ശൂരിൽ മറ്റാശുപത്രികളെക്കാൾ ചികിത്സാചെലവ് കുറവുള്ള ഈ സ്ഥാപനത്തെ തകർക്കാൻ ലക്ഷ്യമിട്ടുള്ള ഒരു ഗൂഢാലോചന ഇതിന്റെ പിന്നിൽ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മൊത്തം 1113 നേഴ്സുമാരുള്ള ഈ ഹോസ്പിറ്റലിലെ ഒരു ചെറിയ വിഭാഗമാണ് സമരത്തിലുള്ളത്.

കേരളത്തിലെ സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന ശമ്പളമാണ് ജൂബിലി മിഷനിൽ നഴ്സുമാർക്ക് നൽകി വരുന്നത്. 32718 രൂപ ഏറ്റവും കുറഞ്ഞ ശമ്പളവും 65,000 രൂപ ഏറ്റവും കൂടിയ ശമ്പളവുമാണ്. നാലാൾ കേട്ടാൽ ഇത് കുറഞ്ഞ ശമ്പളമാണെന്ന് ആരെങ്കിലും പറയുമോ? ഈ ശമ്പള സ്കെയിൽ കിട്ടുന്നില്ലെന്ന് സമരം ചെയ്യുന്ന ആർക്കും പരാതിയില്ല. കേരള ഗവൺമെന്റിന്റെ ആശ വർക്കർമാരുടെ ശമ്പളം പതിനായിരത്തിൽ താഴെയാണെന്ന് എല്ലാവർക്കും അറിയാമല്ലോ? പക്ഷേ മിനിമം ശമ്പളം 40,000 ആക്കണം. അലവൻസ് അടക്കം 61740 രൂപയെങ്കിലും ലഭിക്കണമെന്നാണ് ഇവരുടെ ആവശ്യം. ഡോക്ടർമാരുടെ ശമ്പളമാണ് ഇവർ ചൂണ്ടിക്കാട്ടുന്നത്. പ്രിയ നേഴ്സുമാരെ മികച്ച ഡോക്ടർമാരെ കണ്ടുകൊണ്ടാണ് ഒരു രോഗി ആശുപത്രി തെരഞ്ഞെടുക്കുന്നത് എന്ന് ആദ്യം നേഴ്സുമാർ മനസ്സിലാക്കണം. നമ്മുടെ നാട്ടിലെ പാവങ്ങൾ ചികിത്സിക്കാൻ മാർഗം ഇല്ലാതെ നട്ടം തിരിയുമ്പോഴാണ് നിങ്ങളുടെ സമരം. നിങ്ങൾ ആവശ്യപ്പെടുന്ന തുക ശമ്പളം ആക്കിയാൽ ആശുപത്രിക്ക് അല്ല അതിന്റെ ഭാരം. മറിച്ച് പാവപ്പെട്ട രോഗികളുടെ

ബില്ലിൽ കൂടി അത് ഈടാക്കുക യാണ് ചെയ്യുകയെന്ന് ഏത് കൊച്ചുകുട്ടിക്ക് പോലും അറിയാ വുന്നതാണ്. നേഴ്സിങ്ങുമായി ബന്ധമില്ലാത്ത ഒരു നേതാവ് യു എൻ എ ഉണ്ടാക്കിയ അന്നുമുതൽ ആശുപത്രികൾ സമരഭൂമിയായി മാറി. പുരുഷന്മാർ നേഴ്സിങ് മേഖലയിൽ വേണമെന്നോ എന്ന് ഇത്തരുണത്തിൽ ചിന്തനീയ മാണ്. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കയ്യും കാലും പിടിച്ച് ഒരു ജോലി എന്ന് പറഞ്ഞ് കയറിയവരാണ് ആശു പത്രിക്ക് മുന്നിൽ കിടക്കുന്നത് എന്ന് ഓർക്കുന്നത് സമരക്കാർക്ക് നല്ല താണ്. ഒരാൾക്ക് ജീവിക്കാനുള്ള ശമ്പളം കിട്ടേണ്ടത് ആവശ്യമാണ് അത് ന്യായവമാണ്. പക്ഷേ ജൂബിലി വലിയ ആശുപത്രി യാണ് വലിയ കെട്ടിടങ്ങൾ പണിതുകൂട്ടുന്നു അതിനാൽ ശമ്പള വർദ്ധനവ് കിട്ടിയേ തീരൂ എന്നൊക്കെ നിങ്ങൾ വിളി ച്ചു കൂവുന്നത് സ്വയം അപഹാസ്യരാ കാനേ ഉപകരിക്കൂ. ജൂബിയിൽ ഏകദേശം 3500 ജീവനക്കാരുണ്ട്. നേഴ്സുമാർക്ക് മാത്രം കൂലി കൂട്ടിയാൽ മതിയോ ? ന്യായമായ കൂലിയെന്ന് എല്ലാവരും പറയു ന്നുണ്ട്. ന്യായമെന്നത് തൊഴിലാ ളിക്ക് മാത്രമാണോ ബാധകം. തൊഴിലുടമക്കും ന്യായമുണ്ടാ കുമല്ലോ. ഒരു എൽ.പി., യു.പി. സ്കൂൾ അധ്യാപകരുടെയും, ബാങ്കിലെ ക്ലർക്കുമാരുടെയും ആരംഭ ശമ്പളം സമരക്കാർ അന്വേഷണവിധേയമാക്കിയാൽ നിങ്ങളാവശ്യപ്പെടുന്ന വർദ്ധന വിലെ ന്യായമില്ലായ്മ നിങ്ങൾക്ക് ബോധ്യപ്പെടും. ഏറ്റവും ഒടുവിൽ ഹൈക്കോടതി ഉത്തരവ് പുറത്തിറ ങ്ങിയത് ഇപ്രകാരമാണ്. സമരം ചെയ്യുന്ന നേഴ്സുമാർക്കെതിരെ ആശുപത്രി മാനേജ്മെന്റ്കൾക്ക് നിയമപരമായ അച്ചടക്ക നടപടി കൾ സ്വീകരിക്കാം. അപ്പോൾ ഹൈക്കോടതിക്ക് പോലും ഈ സമരം അന്യായമാണെന്ന് ബോ ധ്യപ്പെട്ടിരിക്കുന്നു. ഇനിയെങ്കിലും ഈ നാടകം നിർത്തുന്നതാണ് നല്ലത്.

**വാൽക്കഷണം: PSC പരീക്ഷ യെഴുതി സർക്കാർ ആശുപത്രി കളിലേക്ക് സമരക്കാർ മാറി യാൽ നിങ്ങൾ ആവശ്യപ്പെടുന്ന തിനെക്കാൾ കൂടുതൽ ശമ്പളം ലഭിക്കും.**





ചെറുകഥ

# കുഞ്ഞുകൈകളിൽ വിരിഞ്ഞ വസന്തം



**ജോജി മോൾ ഷാജു** (ലൂർദ്മാത യൂണിറ്റ്)

ട്രേസി മരിയ ... ട്രേസി മരിയ ... മദറിന്റെ ഗാഭീര്യം നിറഞ്ഞതും ഉറച്ചതുമായ ശബ്ദം ചുമരുകളിൽ വന്നലച്ച് ട്രേസിയുടെ കർണ്ണപുട ങ്ങളിൽ മാറ്റൊലി കൊണ്ടു. ഉറക്കചടവോടെയിരുന്ന ട്രേസി ഞെട്ടിയെഴുന്നേറ്റു. പിന്നെ ഒരു നിമിഷം അവിടെ തന്നെ ഇരുന്നു. സമയം രാവിലെ ഏഴുമണിയാകു ന്നുള്ളൂ. ഞായറാഴ്ച്ച ഒരു ദിവസ മെങ്കിലും കുറച്ചധികം നേരം കിടന്നുറങ്ങാമെന്ന് കരുതിയ ട്രേസിയുടെ മുഖത്ത് വല്ലാത്ത നീരസഭാവം. മദർ തന്നെ വിളിക്കു ന്നതിന്റെ കാരണവും തനിക്കറി യാം. അതു കൂടി ഓർത്തപ്പോൾ ഉള്ളിൽ അമർഷം പുകഞ്ഞു തുടങ്ങി. പക്ഷേ മദറിന്റെ അടുത്ത വിളിയ്ക്ക് മുമ്പ് താൻ അവിടെ യെത്തിയില്ലെങ്കിൽ പിന്നെ മദറി ന്റെ തുറിച്ചു നോട്ടവും ഉപദേശവും കേൾക്കേണ്ടി വരും. വേഗം പായ യിൽ നിന്ന് ചാടിയെഴുന്നേറ്റ് അവൾ സ്വീകരണമുറി ലക്ഷ്യ മായി നടന്നു.

എല്ലാവരും സന്തോഷിക്കുക യും എന്നെ ഭാഗ്യവതിയെ പോലെ നോക്കുന്ന നിമിഷങ്ങ ളാണ് അടുത്തതെന്ന് ട്രേസിക്കറി യാം. ട്രേസിയുടെ ഉള്ളിൽ മുഴു വൻ ഒരായിരം ചോദ്യങ്ങളാണ്. പക്ഷേ ആരോടു ചോദിയ്ക്കുമെ ന്നോ, എങ്ങനെ ചോദിയ്ക്കുമെ ന്നോ ഒരു നിശ്ചയവുമില്ല. കാര്യം മറ്റൊന്നുമല്ല . ട്രേസി ഒരു അനാഥ പെൺകുട്ടിയാണ്. അവൾ ക്കോർമ്മ വയ്ക്കുന്ന കാലം മുതൽ എല്ലാ മാസവും ഒന്നാം തീയ്യതി അവളെ കാണാൻ ഒരു അമ്മ വരും. അമ്മയെന്ന് വിളിച്ചോളാൻ അനുവാദവും കിട്ടിയിട്ടുണ്ട്. വരു മ്പോൾ കൈനിറയെ മധുരപല ഹാരങ്ങളും അവൾക്കുവേണ്ട എല്ലാ സാധനങ്ങളും മറക്കാതെ കൊണ്ടുവരും. അവളെ കാണു മ്പോൾ തൊട്ട് ഭയങ്കര കെട്ടിപിടു ത്തവും സ്നേഹ പ്രകടനങ്ങളു മാണ്. പക്ഷേ എന്തുകൊണ്ട് അവർ തന്നെ അവരുടെ വീട്ടിലേ ക്ക് കൊണ്ടു പോകുന്നില്ല. താനി പ്പോൾ ഏഴാം ക്ലാസ്സ് കഴിഞ്ഞ് എട്ടിലേയ്ക്ക് ജയിച്ചു. കുറെ സംശയങ്ങളൊക്കെ എന്റെ മനസ്സി ലും കടന്നുവരുന്നുണ്ട്. കൂട്ടുക്കാ

രുടെ ചില ചോദ്യങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന അർത്ഥം വച്ചുള്ള മുനകൾ എന്റെ മനസ്സിനെ കൂടുതൽ വേദനിപ്പിക്കാറുണ്ട്. നിന്റെ അമ്മയ്ക്ക് വേറെ രീതിയിലുണ്ടായ മോളാണോ നീ എന്നു ചോദിച്ച് പരിഹസിച്ചു ചിരിക്കുമ്പോൾ എന്റെ ഉള്ളിൽ തികട്ടി വരുന്ന അരിശം ആരും കാണാതെ ഞാൻ അടക്കി പിടിക്കും. സത്യത്തിൽ അവരെക്കുറിച്ചറിയാത്തതുകൊണ്ടോ എന്തോ അവരോട് തനിക്ക് ഒരാത്മബന്ധവും തോന്നാറില്ല. നടന്നു നടന്ന് സ്വീകരണ മുറിയിലെത്തി. ഞാനൊരൽപ്പം താമസിച്ചതിൽ മദറിന്റെ മുഖത്ത് നീരസമുണ്ട് . അവിടെ അവൾ വിചാരിച്ച ആ അമ്മയെ കണ്ടില്ല. പകരം വയസ്സായ ഒരപ്പാപ്പനെ അവിടെ കണ്ടു. അയാൾ അവളെ നോക്കിയൊന്ന് പുഞ്ചിരിച്ചു. എന്തൊക്കെയോ കുറേ കവറുകൾ മദറിനെ ഏൽപ്പിച്ച് അവളോടായി പറഞ്ഞു, അമ്മ ഒരാഴ്ച്ച കഴിഞ്ഞ് വരാമെന്ന് പറഞ്ഞിട്ടുണ്ട്. മോൾക്ക് സുഖമല്ലേയെന്ന് പ്രത്യേകം ചോദിക്കാൻ പറഞ്ഞു. ഞാൻ എന്താ പറയേണ്ടത് ? അവൾ ചിരിച്ചു കൊണ്ട് തലയാട്ടി. അവളുടെ തോളിൽ തട്ടി ആ മനുഷ്യൻ മദറിനോടും തന്നോടും ടാറ്റ പറഞ്ഞ് തിരിച്ചു പോയി. പോകും നേരം മദർ അദ്ദേഹത്തോട് പ്രത്യേകം പറയുന്നുണ്ടായിരുന്നു. 'മാഡത്തിനോട് ഭയപ്പെടേണ്ടാന്നു പറയൂ. ഞങ്ങൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടെന്ന് കൂടി പറയണേ.'

അതുകേട്ട് ആ മനുഷ്യൻ നിർവികാരത്തോടെ തലയാട്ടി കൊണ്ട് കൈകൾ കൂപ്പുന്നതു കണ്ടു. എന്താണ് കാര്യമെന്ന് എനിക്കൊന്നും മനസ്സിലായില്ല. അവൾ മദറിന്റെ മുഖത്തേയ്ക്ക് നോക്കി. മദറിന്റെ മുഖത്ത് വളരെ വിഷാദ ഭാവമായിരുന്നു.

അവർ പോയതിനു ശേഷം താൻ മുറിയിലേയ്ക്ക് സാധാരണ പോലെ മടങ്ങുമ്പോൾ മദറെന്നെ പിന്നിൽ നിന്നും വിളിച്ചു. 'മോളെ ട്രേസി, നിന്നോട് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. മദർ അവളേയും കൊണ്ട് ഗ്രോട്ടോയിലേക്ക് നടക്കാൻ തുടങ്ങി. 'നിനക്ക് നിന്റെ അമ്മയെ കാണാത്തതിൽ സങ്കടമില്ലേ?'

'മദർ ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്, അമ്മ എന്തേ എന്നെ വീട്ടിലേക്ക് കൊണ്ടു പോവാത്തതെന്ന്. എന്നോട് ഇഷ്ടമില്ലാത്തതു കൊണ്ടാണോ? കൂട്ടുക്കാരെല്ലാം എന്നോട് ഇക്കാര്യം ചോദിക്കാറുണ്ട്. ഓരോ പ്രാവശ്യവും വരുമ്പോൾ അമ്മയോട് ചോദിക്കണമെന്ന് കരുതും. പിന്നെ അമ്മയ്ക്ക് എന്നോട് ദേഷ്യമാകുമോ എന്നു കരുതി ചോദിക്കാറില്ല.'

'ട്രേസിയ്ക്ക് നിന്റെ അമ്മയെക്കുറിച്ച് എന്തെങ്കിലും അറിയുമോ?'

'ഇല്ല . മദറിനോടെങ്കിലും ചോദിക്കണമെന്ന് കരുതും.'

നടന്നു നടന്ന് ഞങ്ങൾ ഗ്രോട്ടോയുടെ അടുത്ത് പടർന്നു പന്തലിച്ചു നിൽക്കുന്ന മുവാണ്ടൻ മരത്തിൽ ചുവട്ടിൽ ഇരുന്നു. മരത്തിൽ വലുതും ചെറുതുമായ ഒരുപാട് മാങ്ങകൾ ഉണ്ടായിരുന്നു. അവളെ കണ്ടപ്പാടെ എല്ലാ കുഞ്ഞുമാങ്ങകളും തലയാട്ടി ചിരിക്കുന്നതു പോലെ അവൾക്ക് തോന്നി.

അമ്മയെക്കുറിച്ച് മദർ എന്തെങ്കിലും പറയുമെന്ന് കരുതി ശ്രദ്ധ മുഴുവനും അങ്ങോട്ടാക്കി.

'മോളെ, ഈ അമ്മയുടെ പേര് അനുഗ്രഹ എന്നാണ്. എന്നാൽ ദൈവം ആ മാഡത്തിന് കൊടുത്തത് അനുഗ്രഹങ്ങളായിട്ടാണോ എന്നറിയില്ല , ദുഃഖങ്ങളാണ് നിറയെ. അവർക്ക് ഒറ്റ പ്രസവത്തിൽ ഇരട്ട മക്കളാണ് ഉണ്ടായത് . വളരെ ധനികയായ അവർ വളരെ പ്രതീക്ഷയോടും ആവേശത്തോടെയുമാണ് ആ മക്കളെ വരവേറ്റത്. എന്നാൽ വിധി അവരെ തോൽപ്പിക്കാനോ എന്തോ, രണ്ടു മക്കളും ഓട്ടിസം ബാധിച്ച പെൺമക്കൾ. മാഡം തളരാതെ അവരെ പൊന്നു പോലെ നോക്കി. മാഡത്തിനുണ്ടായിരുന്ന ഉയർന്ന ജോലി ഈ കുഞ്ഞുമക്കളെ നോക്കാൻ വേണ്ടാന്നു വച്ചു. ആരു നോക്കിയാലും താൻ നോക്കുന്നതു പോലെയാകില്ലയെന്ന് കരുതി. എന്നാൽ മാഡത്തിനെ വിട്ട് പല സൗഭാഗ്യങ്ങളും പടിയിറങ്ങി പോവുകയായിരുന്നു. ഭർത്താവും വലിയ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന് ഈ മക്കളെ കൊണ്ടു നടക്കാൻ കുറച്ചിലായി. പല പ്രാവശ്യം ഈ കുട്ടികളെ ഓർഫനേജിൽ കൊണ്ടാക്കാം എന്ന് അദ്ദേഹം പറഞ്ഞെങ്കിലും മാഡം സമ്മതിച്ചില്ല. അതിനായി മാഡത്തിന് വലിയ വില കൊടുക്കേണ്ടി വന്നു. ആ മനുഷ്യൻ അവരെ ഉപേക്ഷിച്ച് വേറെ വിവാഹം ചെയ്തു. അപ്പോഴും മാഡം തളർന്നില്ല. തന്റെ മക്കളെ കണ്ണെടുക്കാതെ നോക്കി കൊണ്ടിരുന്നു. മക്കൾ വലുതായെങ്കിലും പരാശ്രയം കൂടാതെ അവർക്ക് ജീവിക്കാനാവില്ല. മാഡത്തിനും പ്രായം കൂടി കൂടി വന്നു. അപ്പോഴാണ് മാഡത്തിന് തോന്നിയത് ഒരു കുഞ്ഞുമകളെ ദത്തെടുക്കാമെന്ന്. വയസ്സാകുമ്പോൾ അവളെ വീട്ടിലേക്ക് കൊണ്ടുപോകണമെന്നും അവർക്കെല്ലാം തുണയായി ആ കുഞ്ഞുണ്ടാകണമെന്നും മാഡം ആഗ്രഹിച്ചിരുന്നു. പ്രാർത്ഥിച്ചിരുന്നു . അങ്ങനെയാണ് മോളെ അവർ

ദത്തെടുത്തത്. ട്രേസിമോളെ, അവർക്ക് പണിക്കാരെ വച്ചാൽ പോലും മോൾക്ക് വേണ്ടി ചിലവാക്കുന്നതിന്റെ ഒരംശം പോലുംവരില്ല. മോളെ വീട്ടിലോട്ട് കൊണ്ടു പോകണമെന്ന് മാഡത്തിന് നല്ല ആഗ്രഹമുണ്ട് . എന്നാൽ ആ രണ്ടു മക്കളുടെ അടുത്തു നിന്നും മാറാൻ തന്നെ ബുദ്ധിമുട്ടാണ്. അതിനിടയിൽ മാഡത്തിന് നിന്നെ കൂടി നോക്കാൻ കഴിയില്ലല്ലോയെന്നു കരുതിയാണ് കൊണ്ടു പോകാത്തത്.'

ഇതൊക്കെ കേട്ട് തരിച്ചിരിക്കാനേ ട്രേസിക്ക് കഴിഞ്ഞുള്ളൂ. മദർ തുടർന്നു. 'എന്നാൽ വീണ്ടും ഈശോ മാഡത്തിന് പരീക്ഷിക്കുകയാണ് . മാഡത്തിന് ഇടയ്ക്കിടെ വരുന്ന വയറു വേദന പരിശോധിച്ചപ്പോൾ അത് കാൻസറാണെന്ന അറിവ് മാഡത്തിനെ തളർത്തി. കീമോയ്ക്കായി പോയിരിക്കുകയാണ് മാഡം ഇപ്പോൾ. മാഡത്തിന്റെ ഡ്രൈവറാണ് നിനക്കുള്ള സമ്മാനങ്ങൾ ഒന്നാം തീയ്യതി തന്നെ മുടങ്ങാതെ കൊണ്ടു വന്നത്. എന്നെങ്കിലും ട്രേസി മോളെ അവരുടെ വീട്ടിലേക്ക് കൊണ്ടു പോകാമെന്ന പ്രതീക്ഷയും അവർക്കില്ലാതായി. കാരണം മാഡത്തിനും പരാശ്രയം വേണമെന്ന അവസ്ഥയാണ്. ഈ കാര്യങ്ങളെല്ലാം മാഡം എന്നെ ഫോണിൽ വിളിച്ച് പറഞ്ഞ് കുറെ കരഞ്ഞു. ട്രേസിമോൾക്ക് വേണ്ടതെല്ലാം ചെയ്യണമെന്നും അതിനായി ഞാൻ നല്ലൊരു തുക ബാങ്കിലിട്ടിട്ടുണ്ടെന്നുമാണ് അവസാനം പറഞ്ഞത്. മോളെ ഇതൊന്നും അറിയിക്കരുതെന്നും പ്രത്യേകം പറഞ്ഞിരുന്നു. 'ഇനി എന്താ ചെയ്യാ?' സങ്കടം സഹിക്കാനാവാതെ ട്രേസിമോൾ ചോദിച്ചു. 'നമുക്ക് ദൈവത്തോട് നന്നായി പ്രാർത്ഥിക്കാം. ദൈവം മാഡത്തിനെ കൈവിടില്ല.'

പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും ട്രേസി മദറിനെ കെട്ടിപ്പിടിച്ച് കുറേ കരഞ്ഞു. മദർ അവളെ തലോടി ആശ്വസിപ്പിച്ചു.

പെട്ടെന്ന് എന്തോ ഉറച്ച തീരുമാനമെടുത്തതു പോലെ ട്രേസി പറഞ്ഞു, 'മദർ എനിക്ക് ആ അമ്മയുടെ അടുത്ത് പോകണം. ഈ സമയത്താണ് അവർക്ക് ഒരാശ്രയം വേണ്ടത്. ഞാനിപ്പോൾ അത്യാവശ്യം വല്യ കുട്ടിയായില്ലേ. എനിക്ക് നോക്കാൻ പറ്റും അമ്മയേയും എന്റെ ചേച്ചിമാരേയും.'

ട്രേസിയുടെ ഇടിവെട്ടുന്ന രീതിയിലുള്ള മറുപടി കേട്ട് മദറിന്റെ കണ്ണുനിറഞ്ഞു .

'വേണ്ട, മോൾക്കത് പിന്നീട് ബുദ്ധിമുട്ടാകും.'

'ഇല്ല മദർ. ഇപ്പോഴെങ്കിലും ആ അമ്മയെ ഞാൻ സഹായിച്ചില്ലെങ്കിൽ ഞാൻ ജീവിച്ചിരിക്കുന്നതിൽ അർത്ഥമില്ല. പ്ലീസ് മദർ.'





പിന്നെ കാര്യങ്ങളെല്ലാം പെട്ടെന്നായിരുന്നു. ജീവിതത്തിൽ നാളുകളായി സന്തോഷമെന്തെന്നറിയാത്ത ആ അമ്മയുടെ മരുഭൂമിയായി കിടന്ന മനസ്സിലേയ്ക്ക് ഓളമിട്ട് ശാന്തമായൊഴുകുന്ന ഒരു വലിയ തടാകമായാണ് ട്രേസിമോൾ കടന്നു ചെന്നത്. നാളുകളായി ചിരി മാഞ്ഞു പോയ ആ കുടുംബത്തിലേക്ക് സമാധാനത്തിന്റെ സുഗന്ധമുള്ള മാലാഖക്കുട്ടിയായി അവർ കടന്നുചെന്നപ്പോൾ ആ പ്രദേശം മുഴുവൻ സുഗന്ധപൂരിതമായി.

**പള്ളി വൃത്തിയാക്കേണ്ട യൂണിറ്റുകൾ**

| | | | | |
|---|---|---|---|---|
| മെയ് | 2 ശനി | - | ലൂർദ്ദ്മാതാ | യൂണിറ്റ് |
| മെയ് | 9 ശനി | - | ഡോൺബോസ്കോ | യൂണിറ്റ് |
| മെയ് | 16 ശനി | - | സെ. ജൂഡ് | യൂണിറ്റ് |
| മെയ് | 23 ശനി | - | മേരിമാത | യൂണിറ്റ് |
| മെയ് | 30 ശനി | - | സെ. ജെയിംസ് | യൂണിറ്റ് |
| ജൂൺ | 06 ശനി | - | സെ. എവുപ്രാസ്യാമ്മ | യൂണിറ്റ് |





Karipperyís
റിയൽ എസ്റ്റേറ്റ് സർവ്വീസ്
9495093030
വീടുകളും സ്ഥലങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും
❖ അഞ്ചേരി സ്കൂളിനടുത്ത് 5 സെന്റിൽ 4 ബെഡ് റൂം വീട് 60 ലക്ഷം
❖ നെല്ലിക്കുന്ന് കുറയിൽ 5.5 സെന്റിൽ 4 ബെഡ് റൂം രണ്ട് നില പഴയ വീട് 48 ലക്ഷം.

## വിശ്വാസപരിശീലന പരീക്ഷകളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരും ഫുൾ അറ്റന്റൻസ് കരസ്ഥമാക്കിയവരും

| Std | Class Ist | Class 2nd | Full Attendance |
|---|---|---|---|
| NURSERY | JOE ABRAHAM LINO | IRENE ANISH | THANAY REJI |
| I A | MESRIN JOHN | ANNLET AJO.V | MESRIN JOHN<br>ESTHERMARIYASHIJU,<br>ANEYA ROSE JIBI<br>ANNLET AJO |
| I B | JOFRANC BINOY | ELDEN.C.JOHN | JOFRANC BINOY<br>JOSEPH MARIA SINOY<br>GENESIS JOSEPH |
| II A | HAZEL JINTO | EVELYN TERES LIXON | ASHLIN ROSE SONY<br>NADHIYA REJI |
| II B | TESSA JISHO | CERIN JOSHY | ASHER JAIDEN SIJO<br>ESTHER GRACE<br>TESSA JISHO |
| III A | FERNADO CHIRAYATH JOY | CHAWALLOOR STEVE SINSUN | FERNADO CHIRAYATH JOY<br>SANTIO.A.S<br>ANNLIN THERESA K GINTO<br>JEWEL ROSE JAISON |
| III B | AARON RINIL | EVIN RINCE | JEROME JOJU |
| IV A | ANTONY JOMON | ANNA GRACE | AARON SONY<br>ANTONY JOMON<br>RYAN GEORGE<br>SHARON SONY<br>CELIN ROSE |
| IV B | JOAN ALISH | SHAWN JILSON | JANIA JIFFIN<br>ANNLIYA BIBIN<br>SHAUN JILSON<br>JOSE PETERS |
| V A | CATHERINE TRESA | EZRA MARIYA FEBIN | FRANK.P.SUNIL<br>MATHEW GEORGE |
| V B | AIBEL JOJO | ADEN RAJESH | ADEN RAJESH<br>AIBEL JOJO<br>ANNSIYA SANTHOSH<br>JENNIFER LINDO |
| VI A | MESMIN JOHN | HEAVEN JEM | ALEX JOSHY<br>JIS JOSHY<br>JOAN MARIYA JAISON<br>MESMIN JOHN |
| VI B | FELICE SINDO | EMMANUAL LIYON | ANLIN AJO<br>EMMANUAL LION<br>JONADH JO<br>ANJANA MARY DAISON<br>FELICE SINDO<br>POYKA REJI |





| | | | |
|---|---|---|---|
| VII A | ALEENA DONY | BAVEN BINSON | AMAL JOSHY<br>BAVEN BINSON |
| VII B | HARRY RANJITH | CELIN MARIYA | AIDEN GEORGE<br>BOBIN.K.M<br>JOSHWA JILSON |
| VIII A | JOANNE CATHERINE JOY | BRIGIT.C.B | FELIX TOM WILLIAM<br>MILAN RAJU<br>JOVIO.C.JOFFY<br>ADRIEL<br>ANVIYA JOSHI<br>BIBIYA BABU<br>JOANNE CATHERIN JOY |
| VIII B | AARON.V.A | BIYONA BINOY | AARON.V.A<br>ABEL RAJESH<br>SAN PRINCE<br>ANN MARY.M.O |
| IX A | ANTONY LEO | TIYA TOY | ANTONY LEO<br>EMMANUEL GIJO<br>ANN GRACE AJO |
| IX B | ANJALY DONY | SARAH MARIAM JOHN | ANWIN SAJU<br>ANNLIYA ROY<br>ESA GRACE |
| X A | JOSSLIN.C.JOFFY | ANN MARIA.P.B | DONAL.P.D<br>FELIX.P.SUNIL<br>ANN MARIYA JOSHY<br>JIYA MARIA |
| X B | ANGELIN STEEJAN | IMMANUEAL BABU | ARON ROX |
| XI A | ACHU ANCHERY | AYANA.T.S | ANLY JOSE<br>ANTRI JOSE<br>IRENE ROY |
| XI B | AGNES SINDO | ANNRIA.C.B | ABHIGAIL SIJO<br>DIYA MARIYA BIJOY |
| XII A | TREASA BABU | ALIZZA BINOY | NIL |
| XII B | MARGRACE JACOB | ANJALIN MARIYA | ANN MARIYA SAJU<br>ANEENA.M.O<br>BIBA BABU |
| ACC | AL MARIYA JOJO | MARIYA HEARTY | NIL |

**CATECHISM TEACHERS FULL ATTENDENCE 2025-26**

| SI NO. | NAME | |
|---|---|---|
| 1 | MERCY JACOB | 7. MARIA AGUSTINE |
| 2 | LIKIN SIMON | 8. LEENA ANTONY |
| 3 | PAUL CHACKO | 9 . SR. JISNA ROSE |
| 4 | JOLLY MICHIAEL | 10. JEENA ANTONY |
| 5 | JOHN.M.T | 11 . SINOY JOSE |
| 6 . | SR. PRIYA FRANCIS | 12. EDWIN TONY |



# ഫ്രാൻസിസ്ക്കൻ വർഷത്തിൽ വി. ഫ്രാൻസീസ് അസീസിയെ പരിചയപ്പെട്ടാലോ ?

പ്രിസ്റ്റീനാ ലിജോ

2026 വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷമായി ആചരിക്കാൻ തിരുസഭ ആഹ്വാനം ചെയ്തിരിക്കുകയാണ്. അപ്പോൾ നമുക്ക് ആ വിശുദ്ധനെകുറിച്ചു കൂടുതൽ അറിയാനും വിശുദ്ധന്റെ ജീവിതത്തിലെ നന്മകൾ നമ്മുടെ ജീവിതത്തിൽ പകർത്താനും ശ്രമിച്ചാലോ?

ഏകദേശം 800 വർഷങ്ങൾക്കു മുൻപ് കൃത്യമായി പറഞ്ഞാൽ 1219-ൽ അഞ്ചാംകുരിശ് യുദ്ധം നടക്കുന്ന സമയം. വിശുദ്ധ സ്ഥലങ്ങൾ ക്രൈസ്തവരിൽ നിന്നും പിടിച്ചു വച്ചിരിക്കുന്ന സുൽത്താൻ മാലിക് അൽഖാമിനെ കാണാൻ ഫ്രാൻസിസ് അസ്സീസി ഇറങ്ങി പുറപ്പെട്ടു. ക്രിസ്തുവിനെ അറിയിക്കുക എന്ന ദൗത്യം തന്നെയാണ് ഫ്രാൻസിസിന് ഉണ്ടായിരുന്നത്. ഫ്രാൻസിസിനെ സ്വീകരിച്ച സുൽത്താൻ അദ്ദേഹവുമായി സംവാദത്തിൽ ഏർപ്പെട്ടു. ഒടുവിൽ ജെറുസലേം അടക്കമുള്ള വിശുദ്ധ സ്ഥലങ്ങൾ കാണാൻ ഫ്രാൻസിസിന് അനുമതി കിട്ടി. കുരിശുയുദ്ധങ്ങളിൽ ക്രൈസ്തവർ തോറ്റു. ഒരു പക്ഷേ സുൽത്താനിൽ നിന്ന് വിശുദ്ധ സ്ഥലം തിരിച്ചു പിടിക്കാനുള്ള ദൗത്യത്തിൽ ഫ്രാൻസിസ് പരാജയപ്പെട്ടേക്കാം! പക്ഷേ രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്ന ഫ്രാൻസിസിന്റെ ധീരത ശ്ലാഘനീയമാണ്.

കാട്ടിലെ ചെറുജീവികൾ മുതൽ ക്രൂരമൃഗങ്ങളെവരെ തന്റെ സഹോദരവലയത്തിൽ ചേർത്ത് വിശുദ്ധൻ അസ്സീസിയിലെ പട്ടു വ്യാപാരിയുടെ മകനായി ജനിച്ചവൻ. ഈശോയെ കണ്ടുമുട്ടി യഥാർത്ഥ യജമാനനെ സേവിക്കാൻ തീരുമാനിച്ചത് മുതൽ ഭിക്ഷുവായി അക്ഷരാർത്ഥത്തിൽ ജീവിച്ചു. ദാരിദ്ര്യത്തെ തന്റെ മണവാട്ടിയായി സ്വീകരിച്ചു. ദരിദ്രനായ തന്റെ ഗുരുവായ ഈശോയെ പോലെ ദരിദ്രനായി ജീവിച്ചു രക്ഷകനായ ദൈവം പിറന്നത് ഇല്ലായ്മയുടെ കാലിത്തൊഴുത്തിലാണ്. ആദ്യമായി പുൽക്കൂട് ഒരുക്കിയത് വിശുദ്ധ ഫ്രാൻസിസ് ആണ്. വിശുദ്ധന്റെ ശരീരത്തിൽ ഈശോയുടെ അഞ്ച് തിരുമുറിവുകൾ (പഞ്ചക്ഷതങ്ങൾ) പ്രത്യക്ഷപ്പെട്ടു അന്നു മുതൽ രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടാൻ തുടങ്ങി.





ഒരു ദിവസം കുർബാന മദ്ധ്യേ ഫ്രാൻസിസ് വായിച്ചു കേട്ട സുവിശേഷഭാഗം അതേപടി ഫ്രാൻസിസ് സ്വന്തം ജീവിതത്തിൽ പകർത്തി. നിങ്ങളുടെ അരപ്പട്ടയിൽ സ്വർണമോ വെള്ളിയോ പാടില്ല യാത്രയ്ക്ക് സഞ്ചിയോ രണ്ടു ഉടുപ്പുകളോ ചെരുപ്പോ വടിയോ കൊണ്ടു പോകരുത്' അന്നുമുതൽ ഫ്രാൻസിസ് രണ്ടാമത്തെ വസ്ത്രം ഉപേക്ഷിച്ചു, വടി കളഞ്ഞു, ഷൂ അഴിച്ചു മാറ്റി. ബെൽറ്റിന് പകരം ചരട് ഉപയോഗിക്കാൻ തുടങ്ങി. തന്റെ ജീവിതമാണ് ഫ്രാൻസിസ് പ്രസംഗിച്ചത്. ദാരിദ്ര്യത്തിലും ലാളിത്യത്തിലും ജീവിക്കുകയായിരുന്നു ഫ്രാൻസിസിന്റെ ലക്ഷ്യം. ദൈവത്തിൽ ആശ്രയിക്കുക ദൈവം നിങ്ങളെ കാത്തുകൊള്ളും ഇതായിരുന്നു ഫ്രാൻസിസിന്റെ ഉപദേശം. സമ്പത്തിൽ ലക്ഷ്യം വയ്ക്കാതിരിക്കുക. അന്ന് വ്യാപകമായി പടർന്നു പിടിച്ചിരുന്ന കുഷ്ഠരോഗം ജനജീവിതത്തെ തകർത്തെറിഞ്ഞു. ഫ്രാൻസിസ് കുഷ്ഠരോഗികളിൽ ക്രൂശിതനായ ഈശോയെ കാണുകയും അവരെ ശുശ്രൂഷിക്കുകയും സ്നേഹപൂർവ്വം അവരെ ചുംബിക്കുകയും ചെയ്തു. ഒരു വർഷം മുൻപ് നമ്മെ വിട്ടുപിരിഞ്ഞ പോപ്പ് ഫ്രാൻസിസ് ശരീരമാസകലം വ്രണം ബാധിച്ച് ഒരു മനുഷ്യനെ ചേർത്ത് പിടിച്ച് ചുംബിച്ച രംഗം നാം കണ്ടതാണ്. അതാണ് യഥാർത്ഥ മനുഷ്യസ്നേഹം. മനുഷ്യ സ്നേഹമാണ് ഈശ്വര സ്നേഹം എന്ന് വിശുദ്ധ ഫ്രാൻസിസ് നമ്മെ പഠിപ്പിച്ചു.

1226 ഒക്ടോബർ മൂന്നിന് തന്റെ 44-ാം വയസ്സിൽ നിര്യാതനായി. അദ്ദേഹം ഒരു വൈദികനായിരുന്നില്ലാട്ടോ ? ഒരു ബ്രദർ ആയിരുന്നു. ആ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് തൃശ്ശൂർ രൂപതയിൽ മോൺ സക്കറിയാസ് വാഴപ്പിള്ളി അച്ഛൻ ആരംഭിച്ച സന്യാസ സമൂഹമാണ് മലബാർ മിഷനറി ബ്രദേഴ്സ്, ഇവരുടെ ആസ്ഥാനം മരിയാപുരം ആണ്.



LALEE
DRIVING SCHOOL

Enquiry Office : Chelakkottukara, Near Caico Company
Prop. Mrs. Saly Babu, Mobile : 9895224230
പുരുഷന്മാരെയും സ്ത്രീകളെയും ഡ്രൈവിംഗ് പഠിപ്പിക്കുന്നു
സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.
ഞായറാഴ്ച ദിവസങ്ങളിൽ പഠിക്കുന്നതിന് പ്രത്യേക സൗകര്യം

മനഃശാസ്ത്രം

# നന്ദിയോടെ



ഡോ. ജെനി റാഫേൽ

ഈ വർഷം ബാംഗ്ലൂരിൽ ഒരു ഇന്റർനാഷണൽ കോൺഫറൻസ് നടക്കാൻ പോകുകയാണ്. കോൺഫറൻസിന്റെ പ്രധാനപ്പെട്ട വിഷയം 'നന്ദിയുള്ള സമൂഹങ്ങൾ' എന്നതാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള യൂണിവേഴ്സിറ്റികളും കോളേജുകളും ഇതിൽ പങ്കാളികൾ ആവുന്നു. മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഗവേഷണ പരിചയവുമുള്ള ആളുകൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കാം.

നന്ദി പ്രകടിപ്പിക്കുക എന്നത് മര്യാദയുടെ അല്ലെങ്കിൽ സന്മാർഗികതയുടെ ഒരു വിഷയം മാത്രമായിരുന്നു. എന്നാൽ ഇന്ന് ലോകമനഃശാസ്ത്രജ്ഞൻമാർ നന്ദി പ്രകടിപ്പിക്കാനുള്ള ഒരാളുടെ കഴിവിനെ മാനസികാരോഗ്യത്തിന്റെ ലക്ഷണമായിട്ടാണ് കാണുന്നത്.

സാധാരണയായി, ഒരു വ്യക്തി നന്ദി പ്രകടിപ്പിക്കുന്നത് തനിക്കു മറ്റുള്ളവരിൽ നിന്നും ലഭിച്ച എന്തെങ്കിലും നന്മക്കാണ്. എന്നാൽ ജീവിതത്തിൽ സംതൃപ്തി അനുഭവിക്കുന്ന ഒരു വ്യക്തിക്കു നന്ദിപൂർവം സമീപിക്കാൻ ഒത്തിരി കാര്യങ്ങൾ കാണും. കാലത്തെഴുന്നേൽക്കുമ്പോൾ ഇന്നത്തെ ദിവസത്തിന് അയാൾ നന്ദി പറയുന്നു. ആഹാരം കഴിക്കുമ്പോൾ, കുടുംബാംഗങ്ങളുമായി ഇടപഴുകുമ്പോൾ, തനിക്കു നിശ്ചയിച്ചിട്ടുള്ള ജോലി ചെയ്യുമ്പോൾ അയാൾ കൃതജ്ഞതയോടെ ഓരോ നിമിഷവും കടന്നുപോകുന്നു. ഈ ഭാഗ്യങ്ങൾ ഇല്ലാത്തവരായി ഈ ലോകത്തു ഒട്ടേറെ പേരുണ്ട് എന്ന് സ്മരിക്കുന്നു. ഓരോ നിമിഷവും വിനയാന്വിതനാവുന്നു. ചെറിയ സന്തോഷങ്ങൾ പോലും വലിയ കൃതജ്ഞതയോടെ സമീപിക്കാൻ കഴിയുന്നു. ദുഖങ്ങളും നഷ്ടങ്ങളും അയാളെ നിരാശയിലാഴ്ത്തുകയില്ല. കാരണം നഷ്ടങ്ങളിലൂടെയും ദുഃഖങ്ങളിലൂടെയും കടന്നു പോകുമ്പോഴും ആശാവഹമായ ചിന്തകളിൽ മുഴുകാൻ അയാൾ പ്രാപ്തനാവുന്നു.

ബിസിനെസ്സിൽ വലിയ ഒരു നഷ്ടംവന്ന ആൾ പറഞ്ഞത് അയാളെ തകർന്നു വീഴാതെ നിൽക്കാൻ പ്രേരിപ്പിച്ചത് നഷ്ടപ്പെടാത്ത കുടുംബ ബന്ധങ്ങളാണ് എന്നാണ്. പണംകൊണ്ട് മാത്രമല്ല ഒരാൾ ധനവാൻ ആവുക. നന്ദിയോടെ ജീവിതത്തെ നോക്കിക്കാണാൻ പഠിച്ചാൽ നാം പലതുകൊണ്ടും സമ്പന്നരാണ് എന്ന് അറിയാൻ കഴിയും എന്നാണ് അയാൾ പറഞ്ഞത്.

ഉത്കണ്ഠ, നിരാശ തുടങ്ങിയ മാനസിക രോഗങ്ങളും, ബന്ധങ്ങളിലുണ്ടാകുന്ന താളപ്പിഴകളും സുഖപ്പെടുന്നതിൽ നന്ദിയോടെ ജീവിക്കാനുള്ള കഴിവ് വളരെ പ്രാധാന്യം അർഹിക്കുന്നു. നന്ദിയോടെ ജീവിതാനുഭവങ്ങളെ കാണാനും വിലയിരുത്താനുമുള്ള കഴിവ് മാനസികരോഗ ചികിത്സയിൽനടത്തിവരുന്ന വിവിധതരം തെറാപ്പികളുടെ ഭാഗം ആണ്. എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ ഉണ്ടായ അനുഭവങ്ങളിൽ നന്ദിപൂർവം എന്തിനെയെല്ലാം സമീപിച്ചു എന്ന് ഒരു കണക്കെടുപ്പ് നടത്താൻ വ്യക്തിയെ പരിശീലിപ്പിക്കുന്നു തെറാപ്പിയിൽ. തന്റെ ജീവിതാനുഭവങ്ങളിൽ കൂടി ബോധപൂർവം കടന്നുപോകാനും ജീവിതത്തിൽ സന്തോഷിക്കാനുള്ള കാരണങ്ങൾ കണ്ടെത്താനും ഇത് വ്യക്തിയെ തയ്യാറെടുപ്പിക്കുന്നു. ഒരു പക്ഷെ ഇന്നുവരെ തന്റെ ശ്രദ്ധയിൽ പെടാതിരുന്ന കാര്യങ്ങൾ വ്യക്തി അറിയുന്നു.

എന്നും ഭക്ഷണം തയാറാക്കിതരുന്ന ഭാര്യയോട് നന്ദി പറയാൻ പഠിച്ചപ്പോൾ, ജോലി സ്ഥലത്തു തന്റെ മുറിയിൽ സാധനങ്ങൾ ചിട്ടയായി അടുക്കി വെച്ച ജീവനക്കാരിയോട് 'താങ്ക്സ്' പറഞ്ഞപ്പോൾ, വഴിയരുകിൽ വിരിഞ്ഞു നിന്ന കുഞ്ഞു പൂവിനെ നോക്കി ചിരിച്ചു മനസ്സിൽ നന്ദി എന്ന് ഉരുവിട്ടപ്പോൾ ഡിപ്രെഷൻ (depression)നു ചികിത്സ നടത്തിയിരുന്ന ഒരു കുടുബനാഥനു മനസിലായത് നിരാശ ഒരു രോഗമാണെങ്കിൽ അതിനുള്ള നല്ല ഒരു മരുന്ന് ജീവിതത്തിനെ വ്യത്യസ്തമായ രീതിയിൽ സമീപിക്കുക എന്നതാണ്. അദ്ദേഹം തിരഞ്ഞെടുത്തത് നന്ദിയുടെ വഴിയാണ്.

ആധുനിക മസ്തിഷ്ക ഗവേഷണങ്ങൾ കൃഞ്ജത പരിശീലിക്കുന്നത് മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളിൽ തന്നെ മാറ്റങ്ങൾ കൊണ്ടു വരുന്നു എന്ന് കാണിക്കുന്നു. കൃതജ്ഞത ചിന്തയിലും പ്രവർത്തിയിലും ഒരു ശീലമാക്കുന്ന കുടുംബാന്തരീക്ഷം സംതൃപ്ത ജീവിതത്തിനും ബന്ധങ്ങളുടെ കെട്ടുറപ്പിനും മാനസികാരോഗ്യത്തിനും കാരണമാകും.

കൃതജ്ഞത ഒരു മാനസിക ഭാവം ആണ്. അതിനു തടസമായി മുഖ്യമായും നിൽക്കുന്നത് ഞാൻ എന്ന ഭാവം, ഗർവ് ,

അഹന്ത, നിരാശ, ക്ഷമിക്കാനു ള്ള കഴിവില്ലായ്മ തുടങ്ങിയ കാര്യങ്ങളാണ്. വരുംതലമുറയിൽ കൃതഞ്ജതയോടെയുള്ള ജീവിതം എന്ന സവിശേഷഗുണം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ കുടുംബങ്ങളും സമൂഹങ്ങളും കൂടുതൽ സ്വസ്ഥവും സുര ക്ഷിതവും ആയിരിക്കും. മാതാപിതാക്കളും മുതിർന്നവരും നല്ല മാതൃകകൾ ആയിരിക്കട്ടെ.

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ 04/2026**

1. യേശുക്രിസ്തുവിന്റെ വെളിപാടിലൂടെ, 2. ജെറുസലേമിലേക്ക്, 3. മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ, 4. ഗ്രീക്ക്, 5. പത്രോസിന്, 6. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ, 7. നീതിമാൻ, 8. അബ്രാഹത്തിന്, 9. മധ്യവർത്തി, 10. ശപിക്കപ്പെട്ടവൻ, 11. ലെയോ പതിനാലാമൻ, 12. വി. യൗസേഫ്, 13. 2026 മാർച്ച് 8, 14. 1958, 15. ആർച്ച് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ

**ബൈബിൾ ക്വിസ് 4/2026**

**ശരിയുത്തരം അയച്ചവർ (വിദ്യാർത്ഥി വിഭാഗം)**

## കുട്ടികളുടെ വിഭാഗം ആരും മത്സരത്തിൽ പങ്കെടുത്തില്ല.

**ശരിയുത്തരം അയച്ചവർ (പൊതുവിഭാഗം)**

1. മേരി തോമസ്, 2. അനീഷ് ജോർജ്ജ്, 3. മേഴ്സി ഷിബു, 4. ബേബി പോൾ, 5. മോളി പോൾ, 6. സി. പി. ജോസഫ്, 7. ചിഞ്ചു ഒല്ലൂക്കാരൻ, 8. ഷേർളി സേവി, 9. ആനി ഇ. കെ.

**നറുക്കെടുപ്പിലൂടെ വിജയി**

**ചിഞ്ചു ഒല്ലൂക്കാരൻ, സെ. ജോർജ്ജ് യൂണിറ്റ്**

ശരിയുത്തരം അയച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ സമ്മാനങ്ങൾ എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച മൂന്നാമത്തെ കുർബാനയ്ക്ക് ശേഷം വിതരണം ചെയ്യുന്നതാണ്.





# ബൈബിൾ ക്വിസ് 05/2026

ഉത്തരങ്ങളിൽ അദ്ധ്യായവും വാക്യവും ചേർക്കേണ്ടതാണ്. ഉത്തരങ്ങൾക്ക് മുകളിൽ ക്വിസ് നമ്പർ ചേർത്ത് ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക, **ഈ മത്സരത്തിൽ എസിസി വരെയുള്ള വിഭാഗത്തിനും, പൊതുവിഭാഗത്തിനും വെവ്വേറെ സമ്മാനങ്ങൾ ഉണ്ടായിരിക്കും. (വിദ്യാർത്ഥികൾ ക്ലാസും ഡിവിഷനും എഴുതണം) ഇടവകയിലെ എല്ലാവർക്കും ഈ മത്സരത്തിൽ പങ്കെടുക്കുന്നതിന് വേണ്ടിയാണ് ഈ സൗകര്യം ഒരുക്കിയിരിക്കുന്നത്. പൊതുവിഭാഗം യൂണിറ്റും, ഫോൺ നമ്പറും എഴുതേണ്ടതാണ്.**

ലോഗോസ് എഴുതുന്നവർക്ക് ഇനി ബൈബിൾ ഭാഗങ്ങൾ സ്നേഹദൂതിലൂടെ പഠിക്കാം. 2026 ലോഗോസ് പരീക്ഷയിൽ പങ്കെടുക്കുന്നവർ ഈ സുവർണ്ണാവസരം നഷ്ടപ്പെടുത്തരുത് ഗലാത്തിയ 4,5,6 അധ്യായങ്ങൾ.

1. ദൈവം തന്റെ പുത്രനെ അയച്ചത് എപ്പോൾ?
2. മടുപ്പ് തോന്നാതെ ചെയ്യേണ്ടത് എന്ത്?
3. പരമപ്രധാനമായത് എന്ത്?
4. ഇസഹാക്കിനെ പോലെ നമ്മൾ എന്തിന്റെ മക്കൾ?
5. എന്നാൽ — സ്വതന്ത്രയാണ്. അവളാണ് നമ്മുടെ അമ്മ.
6. മുഴുവൻ മാവിനെയും പുളിപ്പിക്കുന്നത് എന്ത് ?
7. ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കേണ്ടത് എങ്ങനെ?
8. സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും കൊയ്തെടുക്കുന്നത് ?
9. ആത്മാവിനായി വിതയ്ക്കുന്നവൻ കൊയ്തെടുക്കുന്നത്?
10. ജഡമോഹങ്ങൾ ------------- ന് എതിരാണ് ആത്മാവിന്റെ അഭിലാഷങ്ങൾ ———— നും എതിരാണ്.
11. ജപമാലയിൽ ആശ്രയിച്ച്——— വിജയം ദൈവദാനമെന്ന്——— ആരുടെ വാക്കുകൾ ?
12. ഫിയാത്ത് മിഷൻ ഏഴാമത് മഹാസംഗമം എവിടെയാണ് നടന്നത്?
13. ഏത് കൽപ്പന പ്രകാരമാണ് തൃശൂർ രൂപതയിൽ ഫെറോന സംവിധാനം ആരംഭിച്ചത്?
14. ദിവ്യകാരുണ്യ ഞായർ ആഘോഷിക്കാൻ തീരുമാനിച്ച മാർപാപ്പ?
15. സെ. ജോൺ ലാറ്ററൻ ബസിലിക്ക നിർമ്മിച്ചതാര്?


## ശതാംശം

| | | ഏപ്രിൽ 2026 |
|---|---|---|
| 1. | സെ. വിൻസെന്റ് ഡി പോൾ | 3175 |
| 2. | സെ. ജെയിംസ് | 3920 |
| 3. | ആവേമരിയ | 3100 |
| 4. | സെ. തോമസ് | 2780 |
| 5. | മദർ തെരേസ | 3050 |
| 6. | സെ. ജോർജ്ജ് | 5720 |
| 7. | സെ. റാഫേൽ | 4550 |
| 8. | ഹോളി ഫാമിലി | 4890 |
| 9. | സെ. മേരീസ് | 8950 |
| 10. | സെ. ആന്റണീസ് | 6470 |
| 11. | സെ. എവുപ്രാസ്യ | |
| 12. | സേക്രഡ്ഹാർട്ട് | 4060 |
| 13. | സെ. സെബാസ്റ്റ്യൻ | 6830 |
| 14. | സെ. പോൾ | 4400 |
| 15. | സെ. ക്ലാര | 1080 |
| 16. | വിമലനാഥ | 8500 |
| 17. | ലൂർദ്ദ്മാത | 3945 |
| 18. | സെ. ജൂഡ് | 2850 |
| 19. | ഡോൺബോസ്കോ | 1130 |
| 20. | സെ. സേവ്യർ | 1760 |
| 21. | സെ. ജോൺ | 7150 |
| 22. | ഗുഡ്ഷെപ്പേർഡ് | |
| 23. | ലിറ്റിൽ ഫ്ളവർ | 5030 |
| 24. | സെ. ജോസഫ് | 4200 |
| 25. | മേരിമാത | 2700 |
| 26. | സെ. ഫ്രാൻസീസ് | 2040 |
| | **ആകെ** | **102280** |





## അടിക്കുറിപ്പ് മത്സരം



ഈ മത്സരം 1 മുതൽ എ.സി.സി. ഉൾപ്പെടെയുള്ള കുട്ടികൾക്കു മാത്രം. നിങ്ങളുടെ **രസകരമായ** ഉത്തരം മെയ് 15 ന് മുമ്പ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.

**ആകർഷകമായ സമ്മാനം**
**സ്പോൺസർ ചെയ്യുന്നത്**
**ജൂബിലി മെഡിക്കൽസ്**

ഉത്തരം :

പേര്:.............................................................ക്ലാസ്:.................

പിതാവിന്റെ പേര്: .....................................................................

വീട്ടുപേര്:.............................................................................

യൂണിറ്റ്: ...........................................ഫോൺ : ..................................

### അടിക്കുറിപ്പ് മത്സരം ഏപ്രിൽ മാസത്തിലെ വിജയി



"വേലിക്കെട്ടുകൾക്ക്
തടയാനാവാത്ത വർഗ്ഗസ്നേഹം"
ജെസ ജിഷോ, 1 ബി

സമ്മാനങ്ങൾ എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച മൂന്നാമത്തെ കുർബാനയ്ക്ക് ശേഷം വിതരണം ചെയ്യുന്നതാണ്.



## നിറം കൊടുക്കാം

കുട്ടികൾക്കായി ഇതാ ഒരു രസികൻ മത്സരം. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിന് അനുയോജ്യമായ വിധം ചായം നൽകി മെയ് 15നകം പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. എ.സി.സി. ക്ലാസ് വരെയുള്ള കുട്ടികൾ മാത്രം പങ്കെടുക്കുക.



പേര്:............................................................................ക്ലാസ്...............

വീട്ടുപേര്:..........................................................................................

യൂണിറ്റ്:............................................ഫോൺ :..................................

**ഏപ്രിൽ മാസത്തിലെ വിജയി**

**ഏൻ മരിയ ജോഷി, ക്ലാസ് – 10**

സമ്മാനങ്ങൾ എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച മൂന്നാമത്തെ കുർബാനയ്ക്ക് ശേഷം വിതരണം ചെയ്യുന്നതാണ്.





ഫീച്ചർ

# ആകർഷകമായ ജീവിതം



ഏ.ഡി. ഷാജു

സാമൂഹ്യ ജീവിതത്തിൽ നല്ല വ്യക്തിത്വങ്ങളെ കണ്ടുമുട്ടുക സാധാരണമാണ്. അവരുമായി സൗഹൃദം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നവരുമാണ് നമ്മൾ. ഒറ്റനോട്ടത്തിൽ ആകർഷകമായ വ്യക്തിത്വമുള്ളവരെ തിരിച്ചറിയുക എളുപ്പമല്ല. എന്നാൽ പലകാര്യങ്ങളും ഇടപ്പെടലുകളിലൂടെയാണ് മനസിലാക്കുക. ചിലരുടെ പുഞ്ചിരി, വിനയം, എളിമ എന്നിവ കാണുമ്പോൾ നമ്മൾ തെറ്റിദ്ധരിക്കാൻ ഇടയാകും. നല്ല വ്യക്തിത്വങ്ങളെ കണ്ടെത്താൻ സഹായിക്കുന്നത് ചില അടിസ്ഥാനപരമായ മൂല്യങ്ങളിലൂടെയാണ്.

പെരുമാറ്റം, സംസാരം, ജീവിത മൂല്യങ്ങൾ ഒരാളെ വേറിട്ടതാക്കുന്ന ഘടകങ്ങളാണ്. ഈ മൂന്നു തൂണുകൾ ജീവിത വിജയത്തിന്റെ അടിസ്ഥാന പ്രമാണങ്ങളാണ്.

ഒരു മനുഷ്യനെ മറ്റുള്ളവരിൽ നിന്ന് വേറിട്ടതാക്കുന്നത് അവന്റെ വേഷഭൂഷയോ സമ്പത്തോ അല്ല. മറിച്ച്, അവന്റെ പെരുമാറ്റം, സംസാരശൈലി, ജീവിത മൂല്യങ്ങൾ എന്നിവയാണ് അവനെ യഥാർത്ഥത്തിൽ വ്യക്തിത്വമുള്ളവനാക്കുന്നത്. സമൂഹത്തിൽ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നവർക്ക് ഈ മൂന്നു ഗുണങ്ങളും ഒരുപോലെ നിലനിൽക്കുന്നതാണ്.

1. പെരുമാറ്റം വ്യക്തിത്വത്തിന്റെ പ്രതിബിംബം.

മനുഷ്യന്റെ പെരുമാറ്റം അവന്റെ ഉള്ളറയുടെ പ്രതിഫലനമാണ്.

ഒരു വ്യക്തി എങ്ങനെ മറ്റുള്ളവരോട് പെരുമാറുന്നു എന്നതിലാണ് അവന്റെ യഥാർത്ഥ മഹത്വം പ്രകടമാകുന്നത്. വിനയം, സഹാനുഭൂതി, ക്ഷമ എന്നിവ ചേർന്ന പെരുമാറ്റം ഒരാളെ എല്ലാവരുടെയും മനസ്സിൽ ഇടം നേടാൻ സഹായിക്കുന്നു.

2. സംസാരം മനസ്സിന്റെ ശബ്ദം.

വാക്കുകൾ വെടിയുണ്ടയേക്കാൾ ശക്തമാണ് എന്ന് പറയാറുണ്ട്.

നമ്മുടെ സംസാരശൈലി നമ്മെ ഉയർത്തുകയും താഴ്ത്തു

കയും ചെയ്യാം. സ്നേഹത്തോടെ, ബഹുമാനത്തോടെ, ചിന്തിച്ചു സംസാരിക്കുന്നവൻ എല്ലായിടത്തും സ്വീകരിക്കപ്പെടും. കടുപ്പമുള്ള വാക്കുകൾ ബന്ധങ്ങളെ തകർക്കുമ്പോൾ, സ്നേഹമുള്ള വാക്കുകൾ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു.

3. ജീവിത മൂല്യങ്ങൾ ജീവിതത്തിന്റെ അടിസ്ഥാനം

സത്യസന്ധത, നീതി, വിശ്വാസം, കരുണ എന്നിവയാണ് ഒരു മനുഷ്യന്റെ ജീവിത മൂല്യങ്ങൾ. ഈ മൂല്യങ്ങൾ അനുസരിച്ച് ജീവിക്കുന്നവർ എത്ര പ്രയാസങ്ങൾ വന്നാലും തങ്ങളുടെ വഴിയിൽ ഉറച്ച് നിൽക്കും. ഇവയാണ് ഒരാളെ ദീർഘകാലം ഓർമ്മിക്കപ്പെടുന്നവനാക്കുന്നത്.

ഒരു മനുഷ്യന്റെ മഹത്വം അവന്റെ പദവിയിലോ സമ്പത്തിലോ അല്ല, മറിച്ച് അവന്റെ പെരുമാറ്റത്തിലും സംസാരത്തിലും ജീവിത മൂല്യങ്ങളിലും ആണ്. ഈ മൂന്നു ഗുണങ്ങൾ ചേർന്നാൽ ഒരാൾ സമൂഹത്തിൽ ഒരു മാതൃകയാവുകയും മറ്റുള്ളവർക്ക് പ്രചോദനമാവുകയും ചെയ്യും.

ഫ്രോയിഡ് പറഞ്ഞു പോലെ ഫ്രോഡ് ആകാനല്ല ജീവിതം ഉപയോഗിക്കേണ്ടത് വിജയത്തിനു വേണ്ടി പോരാടാനാകണം.

## ഞങ്ങൾ യാത്രയായ്

1. അക്കര ചാക്കുണ്ണി പോൾ (78), സെന്റ് ഫ്രാൻസിസ് യൂണിറ്റ്
2. കവലക്കാട്ട് ഒാവുങ്ങൽ ജോബി ഭാര്യ ഉഷ (57), സെന്റ് ആന്റണീസ് യൂണിറ്റ്
3. പറപ്പുള്ളി ദേവസ്സി ജെയ്സൻ (58), സെന്റ് സേവ്യർ യൂണിറ്റ്
4. മഞ്ഞളി തോമക്കുട്ടി ഭാര്യ എൽസി (83), ലിറ്റിൽ ഫ്ളവർ യൂണിറ്റ്
5. എലുവത്തിങ്കൽ കുറ്റൂക്കാരൻ അന്തോണി മകൻ വർഗ്ഗീസ് (72), ലിറ്റിൽ ഫ്ളവർ യൂണിറ്റ്
6. ആലപ്പാട്ട് മാത്യു മകൻ ജോൺസൻ (60), ലൂർദ്ദ്മാത യൂണിറ്റ്


# സുധർമ്മ
## മെട്രോപൊളിസ് ലബോറട്ടറി
കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്,
കിഴക്കേ കോട്ട ജംഗ്ഷൻ
✆ 7902474474, 9895359097, 9744110888
SUDHARMA METROPOLIS The Pathology Specialist

വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്
LAB TIMING Monday - Saturday 7 AM - 5 PM






## കുടുംബകൂട്ടായ്മ സമയക്രമങ്ങൾ

വചനത്തിന്റെ ചുരുളിൽ ജീവിതത്തിന്റെ പൊരുളുണ്ട്. ഈ പൊരുൾ കുടുംബസമ്മേളനത്തിൽ കണ്ടെത്താൻ നമുക്ക് പരിശ്രമിക്കാം.

| | | | |
|---|---|---|---|
| | | | **ഒന്നാം ഞായർ 03 – 05 – 2026** |
| 1. | സെ. എവുപ്രാസ്യമ്മ | 2.30 pm | ചിറമ്മൽ ജോസ് ജോർജ്ജ് |
| 2. | സെ. മദർ തെരേസ | 3.15 pm | എലുവത്തിങ്കൽ കൊടകരക്കാരൻ ജോസഫ് ഡേവിസ് |
| 3. | സെ. ജോൺ | 4.00 pm | തൃട്ടയിൽ മാത്യു |
| 4. | സെ. തോമസ് | 2.30 pm | മാത്തള സണ്ണി ഭാര്യ റോസിലി |
| 5. | ലിറ്റിൽ ഫ്ളവർ | 3.15 pm | കോക്കാടൻ കുഞ്ഞിപ്പാലു ബിജു |
| 6. | സെ. വിൻസെന്റ് ഡി പോൾ | 4.00 pm | വലിയവീട്ടിൽ ആന്റണി ജോർജ്ജ് |
| | | | **രണ്ടാം ഞായർ 10 – 05 – 2026** |
| 7. | സെ. ജെയിംസ് | 2.30 pm | വടാശ്ശേരി ജോസ് അജയ് സംഗീത് |
| 8. | വിമലനാഥ | 3.15 pm | |
| 9. | ഗുഡ്ഷെപ്പേർഡ് | 4.00 pm | മാളിയേക്കൽ ജോർജ്ജ് ബിജു, പ്ലോട്ട് നം. 130 |
| 10. | സെ. മേരീസ് | 2.30 pm | ചാഴൂർ ചാണ്ടി കുഞ്ഞുവറീത് ജോസ് |
| 11. | സെ. ജോസഫ് | 3.15 pm | പുതുശ്ശേരി അഗസ്റ്റിൻ ഡെയ്സൻ |
| 12. | സെ. സെബാസ്റ്റ്യൻ | 4.00 pm | അക്കര മോഹൻ |
| | | | **മൂന്നാം ഞായർ 17 – 05 – 2026** |
| 13. | സെ. ക്ലാര | 2.30 pm | ചിരിയങ്കണ്ടത്ത് വിൽസൻ |
| 14. | സെ. പോൾ | 3.15 pm | ചെറുവത്തൂർ വർഗ്ഗീസ് ജോബി |
| 15. | സെ. ഫ്രാൻസിസ് | 4.00 pm | കൊടേക്കാടൻ അന്തോണി സണ്ണി |
| 16. | സെക്രഡ് ഹാർട്ട് | 2.30 pm | പൂവ്വത്തിങ്കൽ ജോയ് |
| 17. | സെ. സേവ്യർ | 3.15 pm | പറപ്പുള്ളി സേവ്യർ ജെയ്സൺ |
| 18. | സെ. ആന്റണീസ് | 4.00 pm | വാർഷികം മണ്ടുംപാൽ ഡേവിസ് വസതിയിൽ - 6.30 pm. |
| | | | **നാലാം ഞായർ 24 – 05 – 2026** |
| 19. | സെ. ജോർജ് | 2.00 pm | വാർഷികം ബേസ്മെന്റ് ഹാൾ - 6 pm. |
| 20 | സെ. റാഫേൽ | 2.30 pm | വാർഷികം (31 – 05 – 2026) - 6 pm. |
| 21. | സെ. ജൂഡ് | 3.15 pm | ചെമ്പൻ വർഗ്ഗീസ് |
| 22. | ആവേ മരിയ | 4.00 pm | പുതുശ്ശേരി ഫ്രാൻസീസ് |
| 23. | ഡോൺബോസ്ക്കോ | 2.00 pm | സണ്ണി മേയ്ക്കാട്ടുകുളം |
| 24 | മേരിമാത | 2.45 pm | ഷാജു ചാലിശ്ശേരി |
| 25. | ലൂർദ് മാത | 3.15 pm | വാർഷികം (31 – 05 – 2026) ബേസ്മെന്റ് ഹാൾ - 6 pm. |
| 26. | ഹോളി ഫാമിലി | 4.00 pm | വാർഷികം (10 – 05 – 2026) ബേസ്മെന്റ് ഹാൾ - 6 pm. |

വചനവഴിയേ...

# ബൈബിൾ കലണ്ടർ

## 2026 മെയ്

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **31**<br>യോഹ 11:1-16<br>റോമ 5:1-5<br>ഉത്പ 18:1-8 | | | | | **1**<br>യോഹ 3:1-2<br>2 കൊറി 5:14-20 | **2**<br>മത്താ 18:10-14<br>റോമ 11:25-32 |
| **3**<br>ലൂക്ക 10:1-12<br>ശ്ലീഹ 12:24-13:3<br>പുറ 4:27-31 | **4**<br>ലൂക്ക 9:1-6<br>2 കോറി 12:5-10 | **5**<br>ലൂക്ക 8:1-8<br>ഫിലി 2:19-30 | **6**<br>ലൂക്ക 17:5-10<br>ഫിലി 4:10-20 | **7**<br>ലൂക്ക 9:57-62<br>1 കോറി 15:1-11 | **8**<br>മത്താ 13:24-30<br>1 കോറി 3:1-9 | **9**<br>ലൂക്ക 7:1-10<br>റോമ 11:11-16 |
| **10**<br>യോഹ 5:19-29<br>റോമ 8:1-11<br>ഉത്പ 5:18-24 | **11**<br>യോഹ 4:27-30,39-42<br>റോമ 3:21-26 | **12**<br>യോഹ 5:36-47<br>റോമ 6:19-23 | **13**<br>മർക്കോ 5:21-24,35-43<br>ശ്ലീഹ 20:7-12 | **14**<br>മർക്കോ 16:9-20<br>ഹെബ്രാ 10:1-14 | **15**<br>യോഹ 1:35-39<br>വെളി 5:1-14 | **16**<br>യോഹ 17:9-19<br>ഹെബ്രാ 8:1-6 |
| **17**<br>ലൂക്ക 24:44-53<br>1 പത്രോ 1:3-9<br>ഉത്പ 28:10-19 | **18**<br>ലൂക്ക 18:1-8<br>1 തിമോ 2:1-7 | **19**<br>ലൂക്ക 18:9-14<br>റോമാ 8:26-30 | **20**<br>ലൂക്ക 11:1-4<br>റോമ 8:12-17 | **21**<br>മത്താ 7:7-14<br>ശ്ലീഹ 10:44-48 | **22**<br>യോഹ 4:19-24<br>എഫേ 6:14-20 | **23**<br>ലൂക്ക 11:5-13<br>2 കോറി 1:17-22 |
| **24**<br>യോഹ 20:19-23<br>ശ്ലീഹ 2:1-21<br>ഉത്പ 2:1-8 | **25**<br>യോഹ 16:5-15<br>ഗലാ 3:10-14 | **26**<br>ലൂക്ക 19:11-27<br>2 കോറി 12:4-11,28-31 | **27**<br>ലൂക്ക 1:39-45<br>റോമ 12:3-13 | **28**<br>ലൂക്ക 10:17-22<br>റോമ 15:7-13 | **29**<br>യോഹ 16:19-24<br>ശ്ലീഹ 3:1-10 | **30**<br>മർക്കോ 13:9-13<br>റോമ 14:1-9 |





# സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ജ്വാല പകരുന്നത് യേശുവിന്റെ തിരുഹൃദയമാണ്: പാപ്പാ

വത്തിക്കാന്റെ ഭാഗമായ, റോമിലെ ജെമെല്ലി ആശുപത്രിയിൽ പുതിയതായി ആരംഭിക്കുന്ന, ഹൃദയരോഗങ്ങളുടെ ചികിത്സക്ക് വേ ിയുള്ള പുതിയ കേന്ദ്രത്തിനു, ഫ്രാൻസിസ് പാപ്പായുടെ പേരാണ് നൽകിയിരിക്കുന്നത്. കേന്ദ്രത്തിന്റെ തറക്കല്ല്, ലിയോ പതിനാലാമൻ പാപ്പാ ആശീർവദിക്കുകയും, സന്നിഹിതരായവർക്ക് സന്ദേശം നൽകുകയും ചെയ്തു.

ഹൃദയത്തെയും രക്തധമനികളെയും സംബന്ധിച്ച പരിചരണം ഉറപ്പാക്കുന്നതിനായി, വത്തിക്കാന്റെ മേൽനോട്ടത്തിലുള്ള ജെമെല്ലി പോളിക്ലിനിക് ആശുപത്രിയിൽ, പുതിയ ഹൃദയ രോഗ കേന്ദ്രത്തിനു തറക്കല്ലിട്ടു. ലിയോ പതിനാലാമൻ പാപ്പായാണ് കല്ല് ആശീർവദിച്ചത്. പുതിയ ഈ സംരംഭത്തിന്, ഫ്രാൻസിസ് പാപ്പായുടെ പേരാണ് നൽകിയിരിക്കുന്നത്.

ആശീർവാദവേളയിൽ, പാപ്പാ നൽകിയ സന്ദേശത്തിൽ, സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ, ഹൃദയത്തിന്റെ പ്രാധാന്യവും, യേശുവിന്റെ തിരുഹൃദയത്തിന്റെ കൃപയും ഏറെ പ്രധാനപ്പെട്ട

താണെന്നു അടിവരയിട്ടു പറഞ്ഞു. മനുഷ്യവ്യക്തിയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഈ പുതിയ സംരംഭം ആരംഭിക്കുന്ന അവസരത്തിൽ, ഉത്സാഹത്തോടെയും സഹകരണത്തോടും പ്രാർത്ഥനയോടും കൂടി, ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ പാപ്പാ ഏവരെയും ക്ഷണിച്ചു.

ഈ സർവകലാശാല തിരുഹൃദയത്തിന്റെ പേരാണ് സ്വീകരിച്ചിരിക്കുന്നുവെന്നത്, ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നു പറഞ്ഞ പാപ്പാ, എന്നാൽ ഇതൊരു ഭക്തിയുടെ പേരായതുകൊണ്ട്, ആദ്യം സ്വീകരിക്കുവാൻ മടിച്ചു നിന്നുവെങ്കിലും, പിന്നീട്, അത്ഭുതങ്ങളുടെ പരമ്പരയ്ക്ക് കൃത്യമായി കടപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ ഹൃദയത്തോടാണ് എന്നുള്ള വാഴ്ത്തപ്പെട്ട അർമിദ ബറേല്ലിയുടെ ബോധ്യമാണ്, ഇതിനു കാരണമായതെന്ന ചരിത്രവും ഓർമ്മിപ്പിച്ചു.

മാനവിക സ്നേഹവും, യേശുവിന്റെ തിരുഹൃദയ സ്നേഹവും എടുത്തു പറയുന്ന, ഫ്രാൻസിസ് പാപ്പായുടെ അവസാന ചാക്രികലേഖനമായ 'ദിലെക്സിത് നോസ്', ഈ സംരംഭത്തിന്റെ ഒരു പ്രവചനമായിരുന്നുവെന്നും പാപ്പാ പറഞ്ഞു. അതിന്റെ ആദ്യ ഭാഗത്തിൽ, ഹൃദയത്തെ മനുഷ്യന്റെ കേന്ദ്രവും സമന്വയവുമായി മനസ്സിലാക്കുന്ന ക്രിസ്തീയ നരവംശശാസ്ത്രത്തെ എടുത്തുപറയുന്നുവെന്നും, അതിനാൽ മനുഷ്യന്റെ വ്യക്തിത്വം, ഹൃദയത്തിൽ ഏകീകൃതമാണെന്നും, അത് അതിന്റെ ആത്മീയവും മാനസികവും ശാരീരികവുമായ എല്ലാ ഘടകങ്ങളുമായി ചേർന്നുകൊണ്ട് സ്നേഹത്തിന്റെ ഇരിപ്പിടമായി മാറുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു.

ജെമെല്ലി ആശുപത്രി എത്രത്തോളം വളരുന്നുവോ അത്രയധികം അവിടെ ജോലി ചെയ്യുന്നവരുടെ മാനുഷികവും ക്രിസ്തീയവുമായ രൂപീകരണത്തിന് കൂടുതൽ ശ്രദ്ധ നൽകണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. നമ്മുടെ ജീവിതത്തിനും പ്രവർത്തനത്തിനും പ്രചോദനത്തിന്റെയും പിന്തുണയുടെയും പ്രധാന ഉറവിടമായ ക്രിസ്തുവിന്റെ ഹൃദയത്തിന്റെ സ്നേഹം, ശാശ്വതമായ ജ്വാല പോലെ, സഭയുടെ കാരുണ്യപ്രവർത്തനങ്ങളിൽ ഉണ്ടാകട്ടെയെന്നും പാപ്പാ ആശംസിച്ചു.